# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി13/1923/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/01/2026
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി13/1923/2025 തീയ്യതി: 12/01/2026

**കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2025 | 22-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2025 | 22-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സജി പി ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.കൃഷ്ണപ്രിയ എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയന്ത് ഹരി,ഓഡിറ്റർ
ശ്രീമതി.പ്രിൻസി ആന്റണി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മഞ്ജു ബിജു | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. മായ എം നായർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. സ്മിത എസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ. അനശ്വര റ്റി ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ. അനു ജോർജ്ജ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി. നിത്യ സി പി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. രാജേശ്വരി ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-07-2024 |
| ശ്രീമതി. പ്രീനു അനിരുദ്ധൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. അഖിൽദേവ് എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 03-10-2024 |
| ശ്രീമതി.ആതിര പി ഡി | ഡയറി ഫാം ഇൻസ്ട്രക്ടർ,വൈക്കം | 04-10-2024 | 31-03-2025 |
| ശ്രീ. പ്രദീപ് പി ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ദീപ കെ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി. സൗമ്യ റോസ്ലിന്റ് ജോളി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. അജയകുമാർ ബി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. ചന്ദ്രലേഖ പി ജി | ഹെഡ്മിസ്ട്രസ് , ഗവ.യു പി സ്കൂൾ ഇളംപള്ളി | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല | 1-1-2 |
| 4 | സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | വാർഷിക പദ്ധതിയിലെ മൂലധന ചെലവിന് ആനുപാതികമായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | പാർട്ട് ബില്ലുകൾ Capital Work In Progress ആയി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-5 |
| 7 | സുസ്ഥിര ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയിൽ അധികമാകുന്നു | 1-1-6 |
| 8 | Prior Period ഇനങ്ങളുടെ ആധികാരികത വിശദീകരിച്ചിട്ടില്ല | 1-1-7 |
| 9 | Govt. & Other Dues Register സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല | 1-1-9 |
| 11 | അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല | 1-1-10 |
| 12 | തനതു ഫണ്ട് തുകകൾ യഥാവിധി ക്രമീകരിക്കാതെ ഋണശീർഷകണക്കിൽ നിലനിർത്തി | 1-1-11 |
| 13 | സംയോജിത പദ്ധതിയ്ക്കുള്ള ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്തില്ല | 1-1-12 |
| 14 | ലൈഫ് ലോൺ ബാധ്യതാ കണക്കുകളിൽ അവ്യക്തത | 1-1-13 |
| 15 | ആർ ഡി ബി ലോൺ തിരിച്ചടവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-14 |
| 16 | നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ മൂലധന ആസ്തികളിലേക്ക് ക്രമീകരിക്കാതെ നിലനിർത്തിയിരിക്കുന്നു | 1-1-15 |
| 17 | ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | എം ജി എൻ ആർ ഇ ജി എസ് വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | വാർഷികപദ്ധതി അവലോകനം | 1-5 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | സാമൂഹ്യസുരക്ഷാ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | ബാങ്ക് അക്കൗണ്ട്--അപാകതകൾ--തുടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്. | 1-11 |
| 29 | 48ലക്ഷത്തിലധികം രൂപ പലിശരഹിത അക്കൗണ്ടുകളിൽ ബാലൻസ് നിൽക്കുന്നു. | 1-12 |
| 30 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി വർഷങ്ങളായി ഒടുക്കുന്നില്ല | 1-13 |
| 31 | മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക | 1-14 |
| 32 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം | 1-15 |
| 33 | തറ വിസ്തീർണ്ണത്തിന് അനുസൃതമായ ഉപയോഗക്രമത്തിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 1-16 |
| 34 | ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-17 |
| 35 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-18 |
| 36 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-19 |
| 37 | വിനോദ നികുതി പൂർണ്ണമായി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-20 |
| 38 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-21 |
| 39 | വാടക - അപാകതകൾ നിലനിൽക്കുന്നു | 1-22 |

| | | |
|---|---|---|
| 40 | ലേലം നടപടികളിൽ അപാകതകൾ നിലനിൽക്കുന്നു | 1-23 |
| 41 | കല്ല് ലേലം നടത്തിയിട്ടില്ല | 1-24 |
| 42 | ആർജ്ജിതാവധി സറണ്ടർ പി.എഫിലേക്ക് ക്രെഡിറ്റ് ചെയ്യാതെ പണമായി നൽകിയിരിക്കുന്നു. | 1-25 |
| 43 | സാക്ഷരതാ പ്രേരകിന് ഹോണറേറിയം-സാക്ഷരതാ മിഷൻ വിഹിതം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 44 | നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത പെറ്റി വർക്കുകൾക്ക് തുക നൽകി | 1-27 |
| 45 | ലൈബ്രറി സെസ്സ്- കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. | 1-28 |
| 46 | കേരളോത്സവം- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 1-29 |
| 47 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് -ജോയിന്റ് വേരിഫിക്കേഷന് ശേഷവും വാട്ടർ ചാർജ്ജ് പുനർനിർണ്ണയിച്ചിട്ടില്ല | 1-30 |
| 48 | പാലിയേറ്റീവ് പരിചരണം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-31 |
| 49 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾ പ്രവത്തി പൂർത്തിയാക്കിയിട്ടില്ല | 1-32 |
| 50 | ജി ബിൻ - വിതരണ രേഖകൾ ലഭ്യമല്ല | 1-33 |
| 51 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-34 |
| 52 | അങ്കണവാടികൾ സ്മാർട്ടാക്കൽ പദ്ധതി -പെയിന്റിംഗിന്റെ മൂല്യ നിർണയ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-35 |
| 53 | അനുപൂരക പോഷകാഹാര പദ്ധതി ജി.എസ്.ടി സ്രോതസിൽ നിന്നും കുറവ് വരുത്തിയില്ല | 1-36 |
| 54 | ബി.എസ്.എസ് റോഡ് നവീകരണം- ഡിഫക്റ്റ് ലയബിലിറ്റി കാലാവധിക്കുള്ളിൽ റോഡ് പൊളിഞ്ഞു. | 1-37 |
| 55 | കരാർ വെക്കാൻ താമസിച്ചു- പിഴ ഈടാക്കിയില്ല. | 1-38 |
| 56 | ടെണ്ടർ ഫീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നൽകിയിട്ടില്ല. | 1-39 |
| 57 | വിവിധ മരാമത്ത് പ്രവൃത്തികൾ- പൊളിച്ചു നീക്കിയ സാധനങ്ങളുടെ സർവ്വേറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. | 1-40 |
| 58 | കാലി ബാരൽ വില കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത്- സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. | 1-41 |
| 59 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-42 |
| 60 | കുടുംബശ്രീ ഗ്രൂപ്പ് സംരംഭം(വനിത)- സബ്സിഡിയ്ക്കാധാരമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-43 |
| 61 | പള്ളിക്കത്തോട് തോട് ശുചീകരണം -പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകത | 1-44 |
| 62 | RDB ലോൺ തിരിച്ചടവ് - തിരിച്ചടച്ച തുക ബാധ്യതാ കണക്കുകളിൽ നിന്നും കുറവ് ചെയ്തില്ല | 1-45 |
| 63 | മിനി എംസിഎഫിന് ചുറ്റും സൗന്ദര്യവത്ക്കരണം -നടപടിക്രമങ്ങളിൽ അപാകത | 1-46 |
| 64 | നിക്ഷേപപ്രവർത്തികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല | 1-47 |
| 65 | ജലജീവൻ മിഷൻ പദ്ധതി -അവലോകനം | 1-48 |
| 66 | ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം | 1-49 |


**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**


| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **പള്ളിക്കത്തോട്** ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28-06-2025 തീയതിയിലെ I/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

| | |
|---|---|
| **തീയതി:12-01-2026** | **ഡെപ്യൂട്ടി ഡയറക്ടർ** |

### 1–1–1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 31-03-2025-ലെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാനായിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01-04-2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) വിവരം സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 31-03-2025 വരെ Excess Of Income Over Expenditure കണക്കാക്കിയ ആധികാരിക രേഖകളും ലഭ്യമല്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ തയ്യാറാക്കി ഹാജരാക്കേണ്ടതുമാണ്.

### 1–1–2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പിന്റെ വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും 31-03-2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്.

**1-1-3 സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 26-07-2011 ലെ ജി.ഒ(എം.എസ്.)–152/2011/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 01-04-2024 ൽ മുന്നിരിപ്പായുള്ള ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ഇല്ലാത്തതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.
പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും വിവിധ അതിർത്തികളുടെയും (Landmark) റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ പഞ്ചായത്ത് ഭൂപ്രദേശത്തെ റോഡ് കണക്ടിവിറ്റി മാപ്പും കാലികമാക്കി 31-03-2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-1-4 വാർഷിക പദ്ധതിയിലെ മൂലധന ചെലവിന് ആനുപാതികമായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല**

2024-25 വാർഷിക പദ്ധതിയിലെ ആസ്തി വർദ്ധനവ് ബാധകമായ പ്രോജക്ടുകളുടെ ഫണ്ട് ചെലവുകൾ മൂലധന വർദ്ധനവായി ക്രമീകരിക്കപ്പെട്ടിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ നിർമ്മാണ പ്രവൃത്തികൾ, നിക്ഷേപ പ്രവൃത്തികൾ എന്നിങ്ങനെയുള്ള ഫണ്ട് ചെലവുകൾ മൂലധന ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല. 2024-25 ലെ മൂലധന വർദ്ധനവ് തുടർ വർഷത്തിൽ Prior Period ഇനത്തിൽ മൂലധന വർദ്ധനവായി ക്രമീകരിച്ച് അപാകത പരിഹരിച്ച ശേഷം ബന്ധപ്പെട്ട വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-1-5 പാർട്ട് ബില്ലുകൾ Capital Work In Progress ആയി അക്കൗണ്ട് ചെയ്യുന്നില്ല**

Capital Work In Progress ആയി പാർട്ട് ബിൽ ചെലവ് അക്കൗണ്ട് ചെയ്യുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രോജക്ടുകളിൽ വിവിധ പാർട്ട് ബില്ലുകൾ നൽകിയതായി കാണുന്നു. പഞ്ചായത്തിന്റെ പൂർത്തിയാകാത്ത ആസ്തികൾ എല്ലാം Capital Work In Progress ൽ അക്കൗണ്ട് ചെയ്യേണ്ടതും പൂർത്തിയാകുമ്പോൾ മാത്രം സുസ്ഥിര ആസ്തിയായി ക്രമീകരിക്കേണ്ടതുമാണ്. Capital Work In Progress ക്രമീകരണങ്ങൾ നിരീക്ഷിക്കാൻ രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

**1-1-6 സുസ്ഥിര ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയിൽ അധികമാകുന്നു**

അക്കൗണ്ടിങ് അപാകതകൾ മൂലം Roads & Bridges, Vehicles എന്നീ ഇനങ്ങളിലുള്ള ആസ്തികളുടെ മൂല്യശോഷണം 31-03-2025 ൽ ആസ്തിയേക്കാൾ അധികമായി. 2024-25 വിവിധ ഇനങ്ങളിലായുള്ള മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സാക്ഷ്യപ്പെടുത്തി വ്യക്തമാക്കിയിട്ടില്ല. സുസ്ഥിര ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്യുന്നതിലെ അപാകതകൾ തുടർ വർഷം K-SMART ൽ പരിഹരിച്ച് മൂല്യശോഷണം കൃത്യമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-1-7 Prior Period ഇനങ്ങളുടെ ആധികാരികത വിശദീകരിച്ചിട്ടില്ല**

മുൻവർഷ ചെലവായും വരവായും ക്രമീകരിക്കപ്പെട്ട ഇനങ്ങളുടെ ആധികാരികത Notes On Account ലൂടെ വിശദീകരിച്ചിട്ടില്ല. Notes On Account ലഭ്യമാക്കി മുൻവർഷങ്ങളിലെ വരവ്-ചെലവായി ക്രമീകരിച്ച ഇനങ്ങൾ വിശദമാക്കേണ്ടതാണ്.

**1-1-8 Govt. & Other Dues Register സൂക്ഷിക്കുന്നില്ല**

Govt. & Other Dues Register സൂക്ഷിക്കുന്നില്ല. ദീർഘകാലമായി ഒടുക്കാതെ തുടരുന്ന ബാധ്യതകളായ Service Tax, Others, Stale Cheque ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല. റിക്കവറികളുടെ വിശദാംശം സൂക്ഷിച്ച് സമയബന്ധിതമായി ഒടുക്കേണ്ടതാണ്. Stale Cheque വിശദാംശം കണ്ടെത്തി ക്ലെയിം ചെയ്യാത്ത കാലഹരണപ്പെട്ടവ ക്രമീകരിക്കേണ്ടതാണ്.

**1-1-9 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല**

ജനപ്രതിനിധികളുടെ 2025 മാർച്ച് മാസത്തെ ഓണറേറിയം, താത്കാലിക-കരാർ ജീവനക്കാരുടെ ശമ്പളം, വൈദ്യുതി, മറ്റ് ചെലവുകൾ 31-03-2025 വരെയുള്ള കണ്ടിജന്റ് ചെലവുകൾ തുടങ്ങിയവ 2024-25 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം അതത് വർഷ ചെലവുകൾ വർഷാവസാനം Payable ആയി ക്രമീകരിച്ച് പഞ്ചായത്ത് ഫണ്ടിന്റെ തൻവർഷ ബാധ്യതയാക്കി മാറ്റേണ്ടതായിരുന്നു. സാമ്പത്തിക വർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യുന്നതിന് K-SMART സോഫ്റ്റ്‌വെയറിൽ സംവിധാനം ഏർപ്പെടുത്താൻ IKM-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

**1-1-10 അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല**

2024-25 വർഷത്തെ അക്രുവൽ വരുമാനങ്ങൾ മുൻവർഷ ഡേറ്റയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് വർഷാരംഭത്തിൽ Receivable ആയി ക്രമീകരിക്കുന്നില്ല. നികുതി/നികുതിയേതര ഇനത്തിലെ വാർഷിക വരുമാനം 2024-25 വർഷാദ്യത്തിൽ തന്നെ ഡിമാന്റ് എൻട്രി നടത്തുകയും 2024-25 ൽ നിർണ്ണയിക്കുന്നവ സപ്ലിമെന്ററി ഡിമാന്റായുമാണ് അക്കൗണ്ട് ചെയ്യേണ്ടത്. വസ്തുനികുതി ഇനത്തിൽ വിമുക്തഭടൻമാർക്കുള്ള Exemption, ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കുള്ള Vacancy Remission എന്നിവ 2024-25 വർഷത്തേക്കുള്ളത് അക്കൗണ്ട് ചെയ്യാത്തതിനാൽ ടി വിവരം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. വാർഷിക ഡിമാന്റ് എൻട്രിയിൽ Gross Demand അക്കൗണ്ട് ചെയ്ത ശേഷം ഒഴിവാക്കൽ തുകകൾ ക്രമീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.
തുടർ വർഷം മുതൽ K-SMART ൽ അക്രുവൽ വരുമാനങ്ങളുടെ ഡാറ്റാബേസ് പ്രകാരമുള്ള ഡിമാന്റ് എൻട്രികൾ വർഷാദ്യം തന്നെ ചെയ്യേണ്ടതാണ്. കൂടാതെ അക്രുവൽ വരുമാനങ്ങൾ Gross Demand അക്കൗണ്ട് ചെയ്യേണ്ടതും Exemption, Vacancy Remission, Write Off തുടങ്ങിയവ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നതിന് ക്രമീകരണ വൗച്ചർ അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

**1-1-11 തനത് ഫണ്ട് തുകകൾ യഥാവിധി ക്രമീകരിക്കാതെ ഋണശീർഷകണക്കിൽ നിലനിർത്തി**

മുൻവർഷം ലഭിച്ചതും ധനകാര്യപത്രികയിലെ B-7 പട്ടികയിൽ 340109901 ശീർഷകത്തിലുള്ള ₹35332/- രൂപ, ഇതേ പട്ടികയിൽ 340200199 ശീർഷകത്തിലുള്ള ₹50827/-രൂപ (കൂടംകുളം വൈദ്യുതി ലൈൻ നഷ്ടപരിഹാരത്തുക) എന്നിവ തനതു ഫണ്ടിലേക്ക് ക്രമീകരിക്കേണ്ട തുകകളാണെങ്കിലും അവ യഥാവിധി ക്രമീകരിക്കാതെ ഋണശീർഷകണക്കിൽ നിലനിർത്തിയിരിക്കുന്നു. അവ യഥാവിധി ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-1-12 സംയോജിത പദ്ധതിയ്ക്കുള്ള ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്തില്ല**

ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം സംയുക്ത പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് വാർഷിക ധനകാര്യ പത്രിക I6-മായി പൊരുത്തപ്പെടുന്നില്ല. സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതത്തിന്റെ തൻവർഷക്കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
|---|---|---|
| ധനകാര്യ പത്രിക പ്രകാരം | 1298598 | 2406496 |
| സുലേഖയിലെ പദ്ധതി ചെലവു കണക്കുകൾ പ്രകാരം | 3995258 | 2703168 |
| വ്യത്യാസം | 2696660 | 296672 |

വ്യത്യാസം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**1-1-13 ലൈഫ് ലോൺ ബാധ്യതാ കണക്കുകളിൽ അവ്യക്തത**

ലൈഫ് ഭവന പദ്ധതിയ്ക്കുള്ള വായ്പയിനത്തിൽ തൻവർഷം ലഭിക്കുകയും അതിന്റെ തിരിച്ചടവിനത്തിൽ സർക്കാർ വികസന ഫണ്ടിന്റെ സ്രോതസിൽ കുറവു വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുൻവർഷ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്ന അപാകതകൾ പരിഹരിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻമൂലം വർഷാവസാന ബാധ്യതാ കണക്കുകളിൽ അവ്യക്തതയുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-14 ആർ ഡി ബി ലോൺ തിരിച്ചടവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല**

ആർ ഡി ബി വായ്പയിനത്തിൽ വികസന ഫണ്ട് – (ജനറൽ) ഇനത്തിൽ നിന്നും പ്രോജക്ട് നം. 4/25 പ്രകാരം തിരിച്ചടച്ച 400000/- രൂപയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ബി 5 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-15 നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ മൂലധന ആസ്തികളിലേക്ക് ക്രമീകരിക്കാതെ നിലനിർത്തിയിരിക്കുന്നു**

ധനകാര്യപത്രികയുടെ ബി-18 പട്ടികയിൽ നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകൾ എന്ന കണക്കു ശീർഷകത്തിൽ നൽകിയിട്ടുള്ള തുകകളുടെ തത്സ്ഥിതി വിവരങ്ങൾ ലഭ്യമല്ല. വർഷങ്ങൾക്കു മുൻപ് നിക്ഷേപിച്ച തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി അവ മൂലധനക്കണക്കുകളിൽ ക്രമീകരിക്കാത്തതിനാൽ കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു.

**1-1-16 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

**1-1-17 എം ജി എൻ ആർ ഇ ജി എസ് വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല**

എം ജി എൻ ആർ ഇ ജി എസ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ കാഷ് ബുക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024 തീയതിയിലെ തീരുമാനം നം.1/1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 29/03/2025 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.ആദ്യ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ്,ചെലവ് കണക്കുകളിൽ പ്രകടമായ അന്തരമുണ്ട്.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 7233130 | 1,57,13,988 |
| വരവ് | 141113000 | 16,57,36,506 |
| ആകെ | 148346130 | 18,14,50,494 |
| ചെലവ് | 145288220 | 17,83,44,410 |
| നീക്കിയിരിപ്പ് | 3057910 | 31,06,084 |

പുതുക്കിയ ബജറ്റ് പ്രകാരം 16.57 കോടി രൂപ വരുമാനവും 17.83 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 11.25 കോടി രൂപയും ചെലവ് 11.71 കോടി രൂപയുമാണുള്ളത്. ബജറ്റ് പുതുക്കുമ്പോൾ സാമ്പത്തിക വർഷത്തെ അതുവരെയുള്ള വരവ്-ചെലവ് എന്നിവ കണക്കാക്കി ആനുപാതികമായിട്ടാണ് തുകകൾ നിശ്ചയിക്കേണ്ടത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപിറ്റൽ റവന്യു തിരിച്ച് നിശ്ചയിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-3 സാമ്പത്തിക വിശകലനം**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രിക , ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേയ്മെന്റ് പത്രിക**

| | |
|---|---|
| മുന്നിരിപ്പ് | 16990403.79 |
| ഓഡിറ്റ് വർഷത്തെ വരവ് | 46373453 |
| ആകെ | 63363856.79 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42647286 |
| നീക്കിയിരിപ്പ് | 20716570.79 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 112580608 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 117126194 |
| പ്രവർത്തന നഷ്ടം | (-)4545586 |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 50172 |
| അറ്റ പ്രവർത്തന നഷ്ടം | (-)4595758 |

**ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5249974/- |

**1-4 ഗ്രാന്റ് വിനിയോഗം**

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവു ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 00 | 12260160 | 12260160 | 12249072 | 11088 | 99.90 |
| വികസന ഫണ്ട്-എസ് സി പി | 00 | 1966000 | 1966000 | 1963468 | 2532 | 99.87 |
| വികസന ഫണ്ട്-ടി എസ് പി | 00 | 191000 | 191000 | 191000 | 00 | 100.00 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 783240 | 2117562+ 202195 (പലിശ) = 2319757 | 3102997 | 1822377 | 1280620 | 58.73 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 5118066 | 4842491 | 9960557 | 4867698 | 5092859 | 48.87 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 00 | 10146000 | 10146000 | 7270643 | 2875357 | 71.66 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 00 | 5890000 | 5890000 | 5668478 | 221522 | 96.23 |
| ഹെൽത്ത് ഗ്രാന്റ് (ഹെൽത്ത് & വെൽനെസ്സ്) | 7635 | 519572* | 527207 | 00 | 527207 | 00 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗണോസ്റ്റിക്സ് & ഇൻഫ്രാസ്ട്രക്ചർ) | 13924 | 317523* | 331447 | 00 | 331447 | 00 |
| ഐ.സി.ഡി.എസ് | 664160 | 1687041 | 2351201 | 1164409 | 1186792 | 49.52 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 00 | 114920 | 114920 | 88 | 114832 | 0.07 |

* പലിശ സഹിതമുള്ള വരവ്

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**

1. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസിൽ നിന്ന് കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 950870 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 788400 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 128154 |
| വികസന ഫണ്ട്-ടി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 97496 |

2. സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ. വികസന ഫണ്ട്-ജനറൽ, എസ്.സി.പി, ടി.എസ്.പി.)

3. മുൻവർഷങ്ങളിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്, അൺടൈഡ് ഇനങ്ങളിലെ വിഹിതമായി ട്രഷറിയിൽ ലഭിച്ച തുകകളിൽ ടൈഡ് ഇനത്തിൽ 58495/-രൂപയും അൺടൈഡ് ഇനത്തിൽ 31338/-രൂപയും ലാപ്സായി.

4. പി.എഫ്.എം.എസ് പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസം, പലിശ വരവുകൾ, മറ്റു വരവുകൾ എന്നിവയുടെ ക്രമീകരണത്തിലെ അവ്യക്തത മൂലം ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്, അൺടൈഡ് ഇനങ്ങളിലെ നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയുമായി

വ്യത്യാസപ്പെട്ടിരിക്കുന്നു. മേൽ വ്യത്യാസം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/18.11.2025) നീക്കിയിരിപ്പിലെ വ്യത്യാസം ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കണക്കുകളിലെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

5.മക്കനാൽ കുടിവെള്ള പദ്ധതിക്കായുള്ള ജില്ലാപഞ്ചായത്ത് സിഎഫസി വിഹിതമായ 296672/- രൂപ സിഎഫസി വരവായി വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

**1-5 വാർഷികപദ്ധതി അവലോകനം**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/DPO/KTM തീയതി 4-03-2025 പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ 82 സ്പിൽഓവർ പ്രോജക്ടുകളും 168 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 250 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ട് ശതമാനം |
|---|---|---|---|---|---|
| 250 | 9,25,81,759 | 186 | 5,19,75,857 | 64 | 74.4% |

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 02-12-2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 6-12-2023 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 10-12-2023 |
| വികസനസെമിനാർ | 20-01-2024 |

പദ്ധതിനിർവ്വഹണം

ഗ്രാമപഞ്ചായത്തിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്എന്നിവ വളരെ ഫലപ്രദമായി മികവുറ്റ രീതിയിൽ വിനിയോഗിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. അംഗീകാരം ലഭിച്ച 250 പ്രോജക്ടുകളിൽ 186 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 5,19,75,857/- രൂപയാണ്. ചെലവ് 56.14%. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ കൂടുതലും നടപ്പാക്കാത്തതും ലഭ്യമായ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ നല്ലൊരു ഭാഗം വിനിയോഗിക്കാൻ സാധിക്കാതെ വന്നതു മൂലം വളരെയധികം പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെ വന്നതാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

## നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോ ദ്യോഗസ്ഥർ | തയ്യാറാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 12 | 11 | 17,29,945/- | 15,94,945/- | 92.19 |
| 2. | വെറ്ററിനറി സർജൻ | 8 | 7 | 14,97,400/- | 8,66,900/- | 57.89 |
| 3. | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 8 | 6 | 27,57,000/- | 11,97,137/- | 43.42 |
| 4. | മെഡിക്കൽ ഓഫീസർ(ആയുർവേദ) | 2 | 2 | 4,25,000/- | 4,25,000/- | 100 |
| 5. | വിഇഒ | 27 | 23 | 3,06,57,879/- | 1,38,47,125/- | 45.16 |
| 6. | ഐസിഡിഎസ് സൂപ്പർവൈസർ | 15 | 14 | 56,03,703/- | 33,64,328/- | 60.03 |
| 7. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 14,60,000/- | 10,94,603/- | 74.97 |

| | | | | | | |
|---|---|---|---|---|---|---|
| 8. | സെക്രട്ടറി | 54 | 46 | 1,18,86,047/- | 1,09,45,151/- | 92.08 |
| 9. | അസിസ്റ്റന്റ്.എഞ്ചിനീയർ | 96 | 53 | 3,48,44,696/- | 1,74,05,208/- | 49.95 |
| 10. | ഹെഡ്മാസ്റ്റർ | 8 | 7 | 4,02,979/- | 3,54,657/- | 88 |
| 11. | അസിസ്റ്റന്റ് സെക്രട്ടറി | 13 | 10 | 10,97,110/- | 6,61,065/- | 60.25 |
| 12 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 4 | 2,20,000/- | 2,19,738/- | 99.88 |
| | **ആകെ** | **250** | **186** | **9,25,81,759/-** | **5,19,75,857/-** | **56.14** |

ലൈഫ് ഭവനപദ്ധതിയ്ക്കായി വൻതുകകൾ ജില്ലാപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരുന്നെങ്കിലും ആയവയുടെ ചെലവിൽ വേണ്ടത്ര പുരോഗതി ഉണ്ടായിരുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിവിധ പ്രോജക്ടുകളിലൂടെ ആകെ 49.95% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർക്ക് (എൽഐഡി&ഇഡബ്ല്യു) നിർവ്വഹണച്ചുമതലയുള്ള 96 പ്രോജക്ടുകൾ വിഭാവനം ചെയ്തുവെങ്കിലും 53 എണ്ണം മാത്രമാണ് നടപ്പാക്കിയത്. തന്മൂലം പശ്ചാത്തല മേഖല ചെലവിലും ആകെ പദ്ധതിച്ചെലവിലും സാരമായ കുറവ് വരുകയുണ്ടായി. മറ്റ് നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും തന്നെ പദ്ധതി പ്രകാരമുള്ള പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ അത്യന്തം ജാഗ്രതയോടെ പ്രവർത്തിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

**<u>ലൈഫ് ഭവനപദ്ധതിക്കായി ലോൺ ഇനത്തിൽ ചെലവഴിച്ച തുക സുലേഖ ചെലവ് പത്രികയിലെ ആകെ ചെലവിൽ ഉൾപ്പെട്ടിട്ടില്ല.</u>**

1. 200/25 – ലൈഫ് ഭവന പദ്ധതി (എസ് സി)

സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് തുക – 260000/-, വികസന ഫണ്ട് – (എസ് സി പി) ലോൺ ഇനത്തിൽ (5054500902240090/17.12.2024) ചെലവായ 60000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2. 120/25 – ലൈഫ് ഭവന പദ്ധതി (എസ് സി)

സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് തുക – 685000/- (465000, വികസന ഫണ്ട് – (എസ് സി പി) + 220000, ജില്ലാ പഞ്ചായത്ത് വിഹിതം). ലോൺ ഇനത്തിൽ 5054500902240083/17.12.2024 – 180000/- രൂപ, 5054500902240084/ 17.12.2024 – 120000/- രൂപ, 5054500902240110/23.01.2025 – 60000/- രൂപ, 5054500902240105/04.01.2025 – 100000 രൂപ എന്നിങ്ങനെ ചെലവായ 460000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

3. 128/25 – ലൈഫ് ഭവന പദ്ധതി (എസ് സി)

സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് തുക – 6680000 (1260000, വികസന ഫണ്ട് – (ജനറൽ) + 300000, സംസ്ഥാനാവിഷ്കൃത ഫണ്ട് + 480000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 640000, ജില്ലാ പഞ്ചായത്ത് വിഹിതം + 4000000 ലോൺ). ലോൺ ഇനത്തിൽ 5054500902240053/28.09.2024 – 40000 രൂപ, 5054500902240055/ 01.10.2024 – 80000/- രൂപ, 5054500902240096/31.12.2024 – 40000/- രൂപ, 5054500902240115/31.01.2025 – 40000/- രൂപ, 5054500902240116/04.02.2025 – 40000/- രൂപ, 5054500902240148/14.03.2025 – 40000/- രൂപ, 5054500902240175/24.03.2025 – 40000/- രൂപ, 5054500902240018/05.08.2024 – 100000/- രൂപ, 5054500902240022/05.08.2024 – 160000/- രൂപ, 5054500902240055/01.10.2024 – 80000/- രൂപ, എന്നിങ്ങനെ ആകെ ചെലവായ 620000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**<u>സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക 32 ലക്ഷം രൂപ</u>**

സർക്കാർ ഗ്രാന്റുകളെല്ലാം തന്നെ മികച്ച ചെലവ് കൈവരിച്ചുവെന്നത് പദ്ധതി നിർവ്വഹണത്തിലെ കൂട്ടായ പ്രവർത്തനങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ മാത്രമാണ് വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | നീക്കിയിരിപ്പ് (₹) |
|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 11088 |
| വികസന ഫണ്ട്-എസ് സി പി | 2532 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 31338 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 58495 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 2875357 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 221522 |
| ആകെ | 32,00,332 |

<u>മോണിറ്ററിംഗ്</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണപത്രവും അതത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിനാൽ പ്രോജക്ടുകളുടെ

നിർവ്വഹണത്തിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതീക നേട്ടം രേഖാപരമായി ഉറപ്പാക്കാൻ സാധിക്കുന്നില്ല.

**1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2024-25 വർഷം 46 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 501 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 113 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 73 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 21595 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 137 അയൽകൂട്ടങ്ങളിൽ മുഴുവനും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 336 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി വൃക്ഷത്തൈ നടൽ, നേഴ്സറി നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് വരവ് (പലിശ, പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂർ എന്നിവ സഹിതം) | 17404.5 | 3793162 | 3810566.5 | 3801554 | 9012.5 |
| ഇ.എഫ്.എം.എസ് | 0 | 9449545 | 9449545 | 9449545 | 0 |
| ആകെ | 17404.5 | 13242707 | 13260111.5 | 13251099 | 9012.5 |

**1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ**

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2,56,68,100 /- | 1777 |
| കാർഷക തൊഴിലാളി പെൻഷൻ | 10,62,400/- | 64 |
| വിധവ പെൻഷൻ | 90,78,900/- | 618 |
| അവിവാഹിത പെൻഷൻ | 602,800/- | 38 |
| വികലാംഗ പെൻഷൻ | 23,61,800 /- | 162 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ക്യാഷ്യറുടെ സാന്നിധ്യത്തിൽ 17/11/2025 തീയതിയിൽ 03.00 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 2857/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തിയിട്ടില്ല.

2) സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള ബാധ്യതകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാന ഓഡിറ്റ് തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.04.2022 | 01/2022-03/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.08.2023 - 21.09.2023 | 2018-19 മുതൽ 2022-23 വരെ | AMG1 Wing/2023-24/ DIS-1229365 Dated 27/10/2023 |

**1-11 ബാങ്ക് അക്കൗണ്ട്--അപാകതകൾ--തുടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്.**

1. **ബാങ്ക് റിക്കൺസിലിയേഷൻ ചെയ്യുന്നില്ല.**

വാർഷിക കണക്കുകളിലെ RP-40(B)ഷെഡ്യൂൾ പ്രകാരം31-3-2025 ൽ പള്ളിക്കത്തോട് സബ് ട്രഷറി (799013100000236) അക്കൗണ്ടിൽ 655601/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കുകയോ 2022 ഏപ്രിലിനു ശേഷം റിക്കൺസിലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല. ILGMS പരിശോധിച്ചതിൽ ഓഡിറ്റ് വർഷം അക്കൗണ്ടിൽ ട്രാൻസാക്ഷൻസ് നടന്നതായും കാണുന്നു.മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/20.11.25) റിക്കൺസിലിയേഷൻ നടത്തി അടുത്ത വർഷത്തെ ധനകാര്യ പത്രിക സമർപ്പിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി.

2.**ബാങ്ക് അക്കൗണ്ടിൽ പൊരുത്തക്കേടുകൾ**

വാർഷിക കണക്കുകളിലെ RP-40(B) ഷെഡ്യൂൾ പ്രകാരം Natioalised Bank Account Of Own Revenue Fund എന്ന പേരിൽ ഒരു താത്കാലിക അക്കൗണ്ട് നിലനിർത്തിയിട്ടുള്ളതിൽ 31-3-25 ൽ 298195/- രൂപ നീക്കിയിരിപ്പുണ്ട്. ILGMS ലെഡ്ജർ പ്രകാരം പ്രസ്തുത ഹെഡിന്റെ ക്ലോസിങ് ബാലൻസ് 10,539,598.50 രൂപയാണ്. ടി വ്യത്യാസത്തിനു വിശദീകരണം ലഭ്യമാക്കുന്നതിനും പ്രസ്തുത അക്കൗണ്ടിൽ വരവു വച്ചിരിക്കുന്ന തുകകൾ എൻകാഷ് ചെയ്തതിന്റേയും വിശദാംശം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/20.11.25) മറുപടിയായി കോൺട്ര എൻട്രി രേഖപ്പെടുത്തുമ്പോൾ നെറ്റ് വർക്കിന്റെ പ്രശ്നം കൊണ്ടോ മറ്റു ടെക്നിക്കൽ പ്രശ്നം കൊണ്ടോ കോൺട്രയുടെ ബാങ്ക് ശരിയായ വിധത്തിൽ സേവ് ആകാതെ വരുകയും പകരം ഓട്ടോമാറ്റിക്കായി ഒരു ബാങ്ക് ജനറേറ്റ് ചെയ്യുന്നതും കൊണ്ടാണ് Natioalised Bank Account Of Own Revenue Fund എന്ന പേരിൽ ഒരു താത്കാലിക അക്കൗണ്ട് വാർഷിക കണക്കുകളിൽ കാണുന്നതെന്നും ILGMS ലെഡ്ജർ പ്രകാരമുള്ള വ്യത്യാസം അടുത്ത വർഷത്തെ ധനകാര്യ പത്രിക സമർപ്പിക്കുമ്പോൾ ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

മറുപടി ലഭ്യമാക്കിയതു പ്രകാരമുള്ള പരിഹാര നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-12 48ലക്ഷത്തിലധികം രൂപ പലിശരഹിത അക്കൗണ്ടുകളിൽ ബാലൻസ് നിൽക്കുന്നു.**

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടുകളിൽ 31.03.2025 ൽ വലിയ തുകകൾ ബാലൻസായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് ശാഖ | അക്കൗണ്ട് നം. | നീക്കിയിരിപ്പ് (₹) (31-03-2025 വരെയുള്ള ബാങ്ക് രേഖകൾ പ്രകാരം) |
|---|---|---|
| SBI പള്ളിക്കത്തോട് ശാഖ | 67396487164 (E-Payment) | 9,10,949/- |
| SBI പള്ളിക്കത്തോട് ശാഖ | 42176080608 (QR Payment) | 39,87,392/- |
| ആകെ | | 4898341/- |

പലിശ രഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നിലനിർത്തുന്നത് പലിശയിനത്തിൽ ലഭ്യമാകുന്ന വരവ് നഷ്ടമാകുന്നതിനിടയാക്കും. 1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം-4, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/07/2023 ലെ No. LSGD/PD/20073/2023-REV2 ഉത്തരവ്

എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മിച്ച ഫണ്ട് സ്ഥിരനിക്ഷേപമാക്കിയോ തുടർച്ചയായി ചെലവഴിക്കുന്ന സാഹചര്യങ്ങളിൽ പലിശ ലഭ്യമാകുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയോ സൂക്ഷിക്കേണ്ടതും പലിശ വരുമാനം ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

**1-13 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി വർഷങ്ങളായി ഒടുക്കുന്നില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (1)(ബി) വകുപ്പിന് 2023-ൽ വരുത്തിയ ഭേദഗതിയനുസരിച്ച്, (നിയമനിർമ്മാണ (എ) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെഗ്.എ2/2023 നമ്പർ വിജ്ഞാപനം) "കേന്ദ്ര സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും" എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെയാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കാവുന്നത്. എന്നാൽ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ ആവശ്യത്തിനായി 5/ച.മീ. നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ്, പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി എന്നിവയ്ക്ക് കീഴിലുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ അരവിന്ദ പബ്ലിക് സ്കൂൾ, കിറ്റ്സ് എൻജിനിയറിംഗ് കോളേജ് എന്നിവയുടെ വസ്തുനികുതിയിൽ വൻകുടിശ്ശിക ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | വിസ്തീർണ്ണം (ച.മീ.) | വർഷം | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | XIII/ 18 | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 524.4 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 43997 |
| 2 | XIII/ 18 A | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 27.16 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 2080 |
| 3 | XIII/ 19 | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 1613.31 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 147048 |
| 4 | XIII/ 20 | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 1564.02 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 160392 |
| 5 | XIII/ 20 A | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 1316 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 111325 |
| 6 | XIII/ 20 B | അരവിന്ദ ചാരിറ്റബിൾ ട്രസ്റ്റ് | 1422 | 2016-17 രണ്ടാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 92287 |
| 7 | XIII/ 20 C | അരവിന്ദ ചാരിറ്റബിൾ | 1698.72 | 2016-17 രണ്ടാം അർദ്ധവർഷം | 107322 |

| | | | | | |
|---|---|---|---|---|---|
| | | ട്രസ്റ്റ് | | മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | |
| | | ആകെ | | | 664451 |
| 8 | IV/ 104 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3000 | 2019-20 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 126898 |
| 9 | IV/ 105 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3000 | 2018-19 രണ്ടാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 151396 |
| 10 | IV/ 106 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3500 | 2018-19 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 195580 |
| 11 | IV/ 107 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3000 | 2018-19 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 167643 |
| 12 | IV/ 108 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 3332.72 | 20181-19 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 186240 |
| 13 | IV/ 109 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 1500 | 2021-22 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 48666 |
| 14 | IV/ 110 | പി എസ് എൻ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റി | 1700 | 2021-22 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 55155 |
| | | ആകെ | | | 931578 |

മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് 2023-24 വർഷം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാത്തത് വസ്തു നികുതി ഇനത്തിൽ വലിയ കുടിശ്ശികയ്ക്ക് കാരണമാകുന്നു. കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-14 മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക**

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിക്കപ്പെട്ട വിവരങ്ങളനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ താഴെപ്പറയുന്ന രണ്ട് മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയാണ്.

| ക്രമ നം. | വാർഡ് / വാതിൽ | ഉടമസ്ഥന്റെ പേര് | വർഷം | വസ്തു നികുതി |
|---|---|---|---|---|

| | നമ്പർ | | | ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | II/ 177 | റിലയൻസ് ഓൺഫോ കോം | 2023-24 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 33904 |
| 2 | VI/ 79 A | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ | 2024-25 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ | 16390 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/18.11.2025) മേൽ ടവർ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും കുടിശ്ശിക തുകകൾ ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-15 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം**

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203 (എ) വകുപ്പ് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ.

1. വസ്തു നികുതി പുതുക്കിയ 2023 വർഷത്തിന് മുമ്പ് നികുതി നിർണ്ണയിച്ച ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള താഴെപ്പറയുന്ന കെട്ടിടത്തിന് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 2013 വർഷം മുതൽ 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| ബിജു വർഗീസ് | XIII/ 540 A | 52.94 |
| | XIII/ 540 A1 | 48.89 |
| | XIII/ 540 A2 | 25.12 |
| | XIII/ 540 A3 | 25.12 |
| | XIII/ 540 A4 | 25.12 |
| | XIII/ 540 A5 | 25.12 |
| | XIII/ 540 A6 | 45.39 |
| ആകെ വിസ്തീർണ്ണം | | 247.70 |

2. വസ്തു നികുതി പുതുക്കിയ 2023 വർഷത്തിന് ശേഷം നികുതി നിർണ്ണയിച്ച ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള താഴെപ്പറയുന്ന കെട്ടിടത്തിന് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 01.04.2023 മുതൽ 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 70 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. മേൽ കെട്ടിടം 22.01.2025 ലാണ് വസ്തുനികുതി നിർണ്ണയിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| | | |

| | | |
|---|---|---|
| റൂബി സജി പി ജോൺ | VIII/ 5 D | 43.13 |
| | VIII/ 5 E | 43.13 |
| | VIII/ 5 F | 43.13 |
| | VIII/ 5 G | 43.13 |
| | VIII/ 5 H | 43.13 |
| ആകെ വിസ്തീർണ്ണം | | 215.65 |

ഇപ്രകാരം നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/18.112025) കെ സ്മാർട്ടിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം നിലവിൽ അപാകത പരിഹരിക്കുന്നതിന് സാധിക്കുന്നതല്ലെന്നും ഓപ്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-16 തറ വിസ്തീർണ്ണത്തിന് അനുസൃതമായ ഉപയോഗക്രമത്തിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം അനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം പരിഗണിക്കാതെ ഉപയോഗക്രമം തെറ്റായി കണക്കാക്കി നികുതി നിശ്ചയിച്ചിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | സഞ്ചയ പ്രകാരം യഥാർത്ഥ തറ വിസ്തീർണ്ണം (ച.മീ.) | നിലവിലെ ഉപയോഗക്രമം | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി | വസ്തു നികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|---|---|---|---|
| 1 | I/ 35 A | ജൂലിയ സെബാസ്റ്റ്യൻ വിലങ്ങുപാറ | 670.08 | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 70/ച.മീ. | 90/ച.മീ. | 2023-24 ഒന്നാം അർദ്ധവർഷം |
| 2 | IV/ 42 D | പി സി ചെറിയാൻ പാലയ്ക്കൽ | 326.71 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 8/ച.മീ. | 10/ച.മീ. | 31.07.2024 2024-25 ഒന്നാം അർദ്ധവർഷം |

സഞ്ചയ സോഫ്റ്റ് വെയറിലെ തറ വിസ്തീർണ്ണത്തിന് അനുസൃതമായ ഉപയോഗക്രമത്തിൽ വസ്തു നികുതി നിർണ്ണയിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/18.11.2025) കെ സ്മാർട്ടിൽ നിലവിൽ അപാകത പരിഹരിക്കുന്നതിന് ഓപ്ഷൻ ഇല്ലാത്തതിനാൽ ഓപ്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 1 കെട്ടിടത്തിന് 2023-24 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ അടിസ്ഥാന വസ്തു നികുതിയിൽ മാത്രം 20x670.08x2=26803/-രൂപയുടേയും ക്രമ നമ്പർ 2 കെട്ടിടത്തിന് 2024-25 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലായി 2x326.71=653/- രൂപയുടേയും നഷ്ടമുണ്ടായിട്ടുണ്ട്. ആയത് പുനർ നിർണ്ണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-17 ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിരക്കുകളിൽ വർദ്ധനവും ഇളവും നിശ്ചയിച്ചിട്ടുണ്ട്.

| റോഡിന്റെ തരം | ബാധകമായ നിരക്ക് വ്യതിയാനം |
|---|---|
| | |

| | |
|---|---|
| 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ | 20 % നികുതി വർദ്ധനവ് |
| 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ | നികുതി വർദ്ധനവോ ഇളവോ ഇല്ല. |
| 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ | 10 % നികുതി ഇളവ് |
| പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ | 20 % നികുതി ഇളവ് |

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | I/ 121 A | ജോബി ജോർജ്ജ് | പള്ളിക്കത്തോട് തറക്കുന്ന് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 2 | I/ 121 B | ഡിനു ജെയിംസ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | II/ 13 A | പ്രൊവിൻഷ്യൽ സുപ്പീരിയർ | പള്ളിക്കത്തോട് ചെങ്ങളം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 4 | II/ 17 B | റെജിമോൻ വി എൻ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | III/ 92 A | എൽസമ്മ ആന്റണി | ആനിക്കാട് കൂരാലി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 6 | III/ 123 A | അമൽ ജെ ജോർജ്ജ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ നികുതി നിർണയത്തിന് പരിഗണിച്ചതിലൂടെ നികുതി നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/18.11.2025) നിലവിൽ അപാകതകൾ പരിഹരിക്കുന്നതിന് കെ-സ്മാർട്ടിൽ ഓപ്ഷൻ നിലവിൽ ഇല്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രധാന റോഡിന് സമീപമുള്ള ഇട റോഡുകൾ വസ്തു നികുതി നിർണ്ണയത്തിൽ പരിഗണിക്കുമ്പോൾ അത്തരത്തിലുള്ള പേരുകൾ റോഡിന് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1–18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1. 2024-25 സാമ്പത്തിക വർഷം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | 1,2 |
| 2 | അരവിന്ദ പബ്ലിക്ക് സ്കൂൾ | 1,2 |
| 3 | കിറ്റ്സ് എഞ്ചിനീയറിംഗ് കോളേജ് | 1,2 |

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2024-25 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്.
3. പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, കള്ള് ഷാപ്പുകളിലെ ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി അതത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. മേൽ വ്യക്തികൾ/ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/18.11.2025) ക്രമ നം. 1(1) ന്റെ മറുപടിയായി ഹാജരാക്കിയ രസീത് പ്രകാരം സ്ഥാപനത്തിന്റെ തൊഴിൽ നികുതിയാണ് ഈടാക്കിയിട്ടുള്ളത്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ക്രമ നം. 1 ലെ മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാർ, ക്രമ നം. 2, 3 പ്രകാരമുള്ള ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-19 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2024-25 സാമ്പത്തിക വർഷം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ആനിക്കാട് റീജണൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 3867 | 1, 2 |
| 2 | എളംപള്ളി ക്ഷീരോല്പാദക സഹകരണ സംഘം | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (02/18.11.2025) ലഭ്യമാക്കിയ മറുപടിയിൽ ഹാജരാക്കിയ രസീത് നമ്പറുകൾ പ്രകാരം മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയാണ് ഈടാക്കിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-20 വിനോദ നികുതി പൂർണ്ണമായി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല</u>**

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് നിയമം വകുപ്പ് 3 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അവയുടെ പരിധിയിൽ പ്രവർത്തിക്കുന്ന സിനിമ തീയേറ്ററുകളിൽ നിന്ന് ടിക്കറ്റ് വിലയുടെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്താവുന്നതാണ്. ചരക്ക് സേവന നികുതി, ഇ-ടിക്കറ്റിങ്ങ് എന്നിവ പ്രാബല്യത്തിലായതിനുശേഷം മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി 31/08/2019 ലെ സ.ഉ.(കൈ) നം.112/2019/തസ്വഭവ പ്രകാരം 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് 8.5% വിനോദ നികുതി നിരക്ക് 01/09/2019 പ്രാബല്യത്തിൽ സർക്കാർ പുനർനിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 3 സ്ക്രീനുകൾ ഉള്ള മൾട്ടിപ്ലക്സ് തീയേറ്ററായ അഞ്ചാനി സിനിമാസ് 2024-25 വർഷത്തെ വിനോദ നികുതി പൂർണ്ണമായും ഒടുക്കിയിരുന്നോയെന്നതിൽ വ്യക്തതയില്ലായെന്ന് കാണുന്നു. ഈടാക്കേണ്ട നികുതിയുടെയും ലഭ്യമായ രേഖകൾ പ്രകാരം ഒടുക്കിയ നികുതിയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | DCRപ്രകാരം ലഭിക്കേണ്ടിയിരുന്ന നികുതി | ലഭിച്ച വിനോദ നികുതി | പിഴ പലിശ |
|---|---|---|---|
| ഏപ്രിൽ2024 | 222344 | 391643/- | 1,08,357 |
| മെയ് 2024 | 160023 | Rt No 25000636/12-6-25 | |
| ജൂൺ2024 | 45914 | | |
| ജൂലൈ 2024 | 44371 | 407623 | 92377 |
| ആഗസ്റ്റ് 2024 | 66502 | Rt No 250001142/18-8-25 | |
| സെപ്റ്റംബർ 2024 | 127430 | | |
| ഒക്ടോബർ 2024 | 88820 | 317356 | 66327 |
| നവംബർ 2024 | 84568 | Rt No 250002871/ 10-11-25 | |
| ഡിസംബർ 2024 | 112315 | | |
| ജനുവരി 2025 | 85549 | | |
| ഫെബ്രുവരി 2025 | 69510 | | |
| മാർച്ച് 2025 | 129720 | | |
| ആകെ | 1237066 | 11,16,622 | |

വിനോദ നികുതി ഇനത്തിൽ 2024-25 വർഷത്തെ നികുതി ഒടുക്കിയിരിക്കുന്നത് 2025-26 വർഷം പിഴപലിശ ഉൾപ്പെടെയാണ്. നികുതിയിനത്തിൽ 2024-25 വർഷം ലഭിക്കാൻ ബാക്കിയുള്ള തുകയായ 1,20,444/-( 1237066-11,16,622)രൂപയുടെ ഒടുക്ക് വിവരങ്ങളും (വിനോദ നികുതി ഒടുക്കിയ രസീത് നം., തീയതി, മാസം മുതലായ വിവരങ്ങൾ) അടിയന്തിരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം37/22-11-25)മറുപടി ലഭ്യമാക്കിയില്ല. 2025-26 മാസത്തെ ഒക്ടോബർ വരെയുള്ള നികുതി ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25ലെ ബാലൻസ് തുക അടുത്ത വർഷത്തെ നികുതിയ്ക്കൊപ്പം ഈടാക്കിയിരുന്നോയെന്നത് വ്യക്തമല്ല. 2024-25വർഷത്തെ വിനോദനികുതി കുടിശ്ശിക 1,20,444/- രൂപ പിഴപ്പലിശ സഹിതം ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**<u>1-21 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ SR No.674/2017 തീയതി 31.10.2017 എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ, ആരോഗ്യത്തിനോ, വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്.

1.സഞ്ചയ ഡേറ്റാ ബേസ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1200 ലേറെ കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 376 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളത്. അതിനാൽ പഞ്ചായത്തിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല.

2.ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളിൽ വൈറ്റ് മാർട്ട് പള്ളിക്കത്തോട്,ആശിർവാദ് പി എസ് സി പള്ളിക്കത്തോട്,സ്പൈസ് അപ് കിച്ചൻ പള്ളിക്കത്തോട് തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.ഈ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/21-11-2025) മറുപടിയായി സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു.സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>1-22 വാടക - അപാകതകൾ നിലനിൽക്കുന്നു</u>**

1.പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരുന്ന വില്ലേജ് ഹട്ടിലെ ഒന്നാം നമ്പർ കടമുറിയുടെ വാടകക്കാരി ശ്രീമതി ബിന്ദു സുരേഷ്, 27324/- രൂപ (4/2024 മുതൽ 03/2025 വരെ, 2277 X 12) കുടിശ്ശിക വരുത്തിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (30/21-11-2025) മറുപടിയായി ആർ ആറിന് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. കുടിശ്ശിക ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2. 31.03.2025 ലെ ബാലൻസ്ഷീറ്റ് ബി15 ഷെഡ്യൂൾ പ്രകാരം മുൻവർഷ വാടക കുടിശ്ശിക 576,260/- രൂപയുണ്ട്.കുടിശ്ശിക വരുത്തിയ വ്യക്തികളുടെ വിവരങ്ങളും തുക ഈടാക്കാൻ സ്വീകരിച്ച നടപടികളും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/21-11-2025) മറുപടിയായി കുടിശ്ശിക വരുത്തിയവരായ ശ്രീ.സുനിൽ ശങ്കർ, ശ്രീ.സെബാസ്റ്റ്യൻ ജോർജ്,ശ്രീമതി ബിന്ദു സുരേഷ് എന്നിവർക്കെതിരെ ആർ ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ് .

3.ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട വിവിധ കടമുറികൾഒഴിഞ്ഞ് കിടക്കുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. | ഷോപ്പിംഗ് കോംപ്ലക്സ് |
|---|---|---|
| 1) | 5 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് |
| 2) | 9 | |
| 3) | 11 | |
| 4) | 1 | വില്ലേജ് ഹട്ട് |
| 5) | 2 | |
| 6) | 5 | |
| 7) | 8 | |

ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ വാടകക്ക് നൽകാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/21-11-2025) മറുപടിയായി മുറികൾ ലേലത്തിന് വെച്ചപ്പോൾ ആരും പങ്കെടുത്തില്ലെന്ന് അറിയിച്ചു. കടമുറികൾ വാടകക്ക് നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/21-11-2025) മറുപടിയായി വാടക ബൈലോ തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. അംഗീകരിച്ച ബൈലോ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-23 ലേലം നടപടികളിൽ അപാകതകൾ നിലനിൽക്കുന്നു**

1.2024-25 വർഷം തടി ലേലം നടത്തിയപ്പോൾ ലഭിച്ച തുകയോടൊപ്പം എഫ് ഡി റ്റി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേല നോട്ടീസ് നം | ലേലം ചെയ്ത തടി | ലേല തുക | ഈടാക്കേണ്ടിയിരുന്ന എഫ് ഡി റ്റി (5 % ) |
|---|---|---|---|---|
| 1 | ബി -396/2024 തീയതി 18/07/24 | ഉദിക്കുഴത്തോട്ടിൽ നിൽക്കുന്ന ആഞ്ഞിലി | 10300 | 515 |
| 2 | | വീടിനടുത്ത് ചേലചുറ്റി നിൽക്കുന്ന ആഞ്ഞിലി | 28000 | 1400 |
| 3 | | ചപ്പാത്ത് തോട്ടിൽ നിൽക്കുന്ന ആഞ്ഞിലി | 10200 | 510 |
| 3 | എ2-396/2024 തീയതി 08/11/24 | ഇളമ്പള്ളി എസ് എൻ ഡി പി ഹാളിന് സമീപത്തെ ആഞ്ഞിലി | 6000 | 300 |
| | | | | ആകെ - 2725 |

ലേല തുകയോടൊപ്പം എഫ് ഡി റ്റി ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/21-11-2025) മറുപടിയിൽ എഫ് ഡി റ്റി ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. എഫ് ഡി റ്റി ജില്ലാ ഫോറസ്റ്റ് കൺസർവേറ്ററുടെ അക്കൗണ്ടിൽ അടച്ചശേഷം അറിയിക്കേണ്ടതാണ്.

2.ലേല നോട്ടീസ് നം ബി -396/2024 തീയതി 18/07/24 പ്രകാരം 34 മരങ്ങൾ ലേലം ചെയ്യാനാണ് തീരുമാനിച്ചിരുന്നത്.ഇവയിൽ 4 മരങ്ങൾ മാത്രമാണ് ലേലം ചെയ്തത്. മറ്റുള്ള മരങ്ങൾ ലേലം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/21-11-

2025) മറ്റ് മരങ്ങൾ പുനർലേലം ചെയ്യാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

3.കയ്യൂരി അങ്കണവാടിയിലുള്ള ആക്രിസാധാനങ്ങൾ വാല്യൂവേഷൻ എടുത്ത് ലേലം ചെയ്യാൻ ഭരണസമിതിയുടെ 14/3/25 ലെ 5(1) തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു.ലേലം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/21-11-2025) സാധനങ്ങൾ ലേലം ചെയ്യാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ് .

4.പള്ളിക്കത്തോട് കുടുംബാരോഗ്യകേന്ദ്രത്തിൽ പുതിയതായി കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് പൊട്ടിച്ചിട്ടിരിക്കുന്ന പാറക്കല്ലുകൾ ഉപയോഗിക്കാനാവില്ലെങ്കിൽ ലേലം ചെയ്ത് നീക്കാൻ 8/4/24 ലെ 11(1) ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/21-11-2025) മറുപടിയായി ലേലം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ് .

5.അങ്കണവാടികൾ പുതുക്കി പണിതപ്പോൾ മാറ്റി വച്ചിരിക്കുന്ന പഴയ ഓട്, ഷീറ്റ്, ജനൽ പാളി, മറ്റ് വസ്തുക്കൾ എന്നിവ ലേലം ചെയ്യാൻ 8/5/24 ലെ 2(1) ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു.ലേലം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/21-11-2025) മറുപടിയായി ലേലം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**1-24 കല്ല് ലേലം നടത്തിയിട്ടില്ല**

കല്ലാടം പൊയ്യ ഗവ:ആശുപത്രി മൈതാനത്ത് നിന്ന് പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിന്റെ അരുവിക്കുഴി ഗ്രൗണ്ടിൽ കല്ല് ഇറക്കിയ ചാർജ്ജ് ഇനത്തിൽ വൗച്ചർ നം- 22400356/13.07.24 പ്രകാരം 25000/- രൂപ (ചെക്ക് നം- 19978/05.08.24) ശ്രീ. വി.ആർ നന്ദകുമാർ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ കല്ല് ഇറക്കേണ്ട സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/21.11.25) ഗവ: ആശുപത്രി നവീകരണത്തിന്റെ ഭാഗമായി എടുത്ത പ്രസ്തുത പാറക്കല്ലുകൾ (110.75 മീ.ക്യൂബ്) ലേലം നടത്തിയിരുന്നെങ്കിലും വാല്യുവേഷൻ കൂടുതലായിരുന്നതിനാൽ (149448/- രൂപ) ആരും ലേലം എടുത്തിരുന്നില്ലയെന്നും കല്ലുകൾ അടിയന്തിരമായി മാറ്റേണ്ടതിനാലാണ് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള അരുവിക്കുഴി മൈതാനത്തേക്ക് മാറ്റിയതെന്നും മറുപടി നൽകിയിട്ടുണ്ട്. അരുവിക്കുഴി മൈതാനത്ത് ടർഫ് പണിയുന്ന ആവശ്യത്തിലേക്കായി കല്ലുകൾ ഉപയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത കല്ലുകൾ ടർഫ് പണിയുന്നതിന് ഉപയോഗിക്കാത്ത പക്ഷം ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

**1-25 ആർജ്ജിതാവധി സറണ്ടർ പി.എഫിലേക്ക് ക്രെഡിറ്റ് ചെയ്യാതെ പണമായി നൽകിയിരിക്കുന്നു.**

16.03.2024 ലെ സ.ഉ 23/24/ഫിൻ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ പണമായി നൽകാതെ പ്രോവിഡന്റ് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് (4 വർഷ ലോക്ക്- ഇൻ- പീരീഡോഡു കൂടി) സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്തിലെ ശ്രീ ബിബിൻ ദാസ്, ക്ലർക്ക് എന്ന ജീവനക്കാരന്റെ 01.03.2024 മുതൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ (33633/- രൂപ) വൗച്ചർ നം- 22400293/12.07.24 മുഖേന പണമായി നൽകിയിട്ടുണ്ട്. ശ്രീ. ബിബിൻ ദാസിന് സറണ്ടർ പണമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/21.11.25) ആർജ്ജിതാവധി അനുവദിച്ച കാലയളവിൽ ടിയാന് KPEPF അക്കൗണ്ട് ഇല്ലായിരുന്നതിനാലാണ് ആർജ്ജിതാവധി പണമായി നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ ഉത്തരവിൽ പ്രോവിഡന്റ് ഫണ്ട് ഇല്ലാത്ത ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ പണമായി നൽകാമെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും 10/03/2016 ൽ സേവനത്തിൽ പ്രവേശിച്ച് നിശ്ചിത കാലവധിക്കുള്ളിൽ പിഎഫ് അക്കൗണ്ട് ആരംഭിക്കാതിരുന്ന ജീവനക്കാരന് ഈ ആനുകൂല്യത്തിന് അർഹതയില്ലാത്തതാകുന്നു. 10/03/2016 ൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരൻ ഇത്രയും കാലം പി.എഫ് അക്കൗണ്ട് ആരംഭിക്കാത്തത് ശരിയായ നടപടിയല്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാനും ടിയാന് KPEPF അക്കൗണ്ട് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**1-26 സാക്ഷരതാ പ്രേരകിന് ഹോണറേറിയം-സാക്ഷരതാ മിഷൻ വിഹിതം ലഭ്യമാക്കേണ്ടതാണ്.**

ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരക്മാരായ ശ്രീമതി മോളി കെ.ടി, ശ്രീ. ഹരികുമാർ വി.ഡി എന്നിവർക്ക് 2024-25 സാമ്പത്തിക വർഷത്തിൽ പ്രതിമാസം ₹ 12000/- നിരക്കിൽ (പഞ്ചായത്ത് വിഹിതം ₹7200/- + സാക്ഷരതാമിഷൻ വിഹിതം ₹4800/-) പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ആകെ 288000/- രൂപ ഹോണറേറിയം ഇനത്തിൽ നല്കിയിട്ടുണ്ട്. ഇതിൽ സാക്ഷരതാമിഷൻ വിഹിതം ആയ ₹ 115200 രൂപ (4800x2x12) പഞ്ചായത്ത് ഫണ്ടിൽനിന്ന് മുൻകൂർ നല്കിയിട്ടുള്ളതാണ്. സാക്ഷരതാ പ്രേരകുമാരുടെ ഹോണറേറിയം 60% തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ നിന്നും അവശേഷിക്കുന്ന 40% സാക്ഷരതാമിഷന്റെ തനത് വരുമാനത്തിൽ നിന്നും പങ്കുവെക്കുന്ന വ്യവസ്ഥ തുടരാവുന്നതാണെന്ന് സ. ഉ. (കൈ) നം72/2022 തീയതി 31-3-2022, സ. ഉ. (സാധാ) നം.

1131/2024/LSGD തീയതി 25-6-2024എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഏതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനം സാക്ഷരതാമിഷൻ നൽകേണ്ട ഹോണറേറിയം വിഹിതം (40%) അഡ്വാൻസ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് സാക്ഷരതാമിഷൻ പ്രതിപൂരണം ചെയ്ത് നൽകേണ്ടതാണ് എന്നും ഉത്തരവുകളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. സാക്ഷരതാമിഷൻ വിഹിതം ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/21.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷരതാമിഷൻ വിഹിതം ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-27 നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത പെറ്റി വർക്കുകൾക്ക് തുക നൽകി**

പള്ളിക്കത്തോട് ബസ് സ്റ്റാന്റിലെ ടേക്ക് -എ-ബ്രേക്ക് കെട്ടിടത്തിലെ സെപ്റ്റിക് ടാങ്കിൽ ഇടക്കിടെ ബ്ലോക്കാകുന്നതിന് പൂർണ്ണ പരിഹാരം കാണുന്നതിനായി പെറ്റി വർക്ക് നടത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെയും പ്രവൃത്തിയുടെ തുക തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് സെക്രട്ടറിയെയും പഞ്ചായത്ത് കമ്മറ്റിയുടെ 08.04.24 ലെ 9-ാം നമ്പർ തീരുമാന പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചർ നം 22400134/17.05.24 മുഖേന ഈയിനത്തിൽ 23000/- രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ശ്രീ.പി.എസ് രവീന്ദ്രൻ നായർ എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അടിയന്തിര ഘട്ടങ്ങളിൽ 10,000/- രൂപ വരെയുള്ള റിപ്പയർ വർക്കുകൾ തനത് ഫണ്ട് ഉപയോഗിച്ച് ഡിപിസിയുടെ മുൻകൂർ അനുമതിയില്ലാതെ അസിസ്റ്റന്റ് എഞ്ചിനിയറുടെ സാങ്കേതിക അനുമതിയോടു കൂടി ചെയ്യാവുന്നതാണെന്നും പിന്നീട് ഡിപിസിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും 39957/ഡി ബി/2009 തസ്വഭവ തീയതി 08.08.2009 നമ്പർ സർക്കാർ കത്തിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ 10000/-രൂപക്ക് മുകളിലുള്ള റിപ്പയർ വർക്കുകളുടെ തുക തനത് ഫണ്ടിൽ നിന്ന് നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17/21.11.2025) സെപ്റ്റിക് ടാങ്ക് ബ്ലോക്കായി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിലാണ് അടിയന്തരമായി പ്രസ്തുത പ്രവൃത്തി ചെയ്യേണ്ടി വന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ പെറ്റി വർക്കുകൾ ഏറ്റെടുക്കുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-28 ലൈബ്രറി സെസ്സ്- കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.**

2024-25 സാമ്പത്തിക വർഷത്തെ ലൈബ്രറി സെസ്സ് ഒന്നാം ഗഡു കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നതിനായി വൗച്ചർ നം- 22400640/16.11.24 മുഖേന 83899/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക ഒടുക്കിയതിന്റെ രേഖകളോ തുക ലഭിച്ചതായുള്ള ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രസീതോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/21.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 83899/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-29 കേരളോത്സവം- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ കേരളോത്സവം 2024 നടത്തിപ്പിലേക്കായി 50000/- രൂപ മുൻകൂറായി വൗച്ചർ നം- 22400640/16.11.24 മുഖേന സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ ക്രമീകരിച്ച പ്രസ്തുത ചെലവ് സംബന്ധിച്ച രേഖകളും ധന വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/21.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത രേഖകൾ ലഭ്യമാക്കാത്തപക്ഷം തുക പലിശ സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**1-30 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് -ജോയിന്റ് വേരിഫിക്കേഷന് ശേഷവും വാട്ടർ ചാർജ്ജ് പുനർനിർണ്ണയിച്ചിട്ടില്ല**

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷം വെള്ളക്കരമിനത്തിൽ പ്രതിമാസം 78,861/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നതായി കാണുന്നു (ടാപ്പ് ഒന്നിന് 1213.26/- രൂപ നിരക്കിൽ 65 ടാപ്പുകളുടെ വെള്ളക്കരം). ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ അഭ്യർത്ഥന പ്രകാരം കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് 31/07/24 ൽ നടത്തിയ സംയുക്ത പരിശോധനയെ തുടർന്ന് നിലവിൽ ഡിമാന്റിൽ ഉൾപ്പെട്ടിരുന്ന 65 ടാപ്പുകളിൽ 28 ടാപ്പുകൾ മാത്രം നിലനിർത്തുന്നതിന് തീരുമാനിച്ചു. ബാക്കിയുള്ള 37 ടാപ്പുകൾ വിച്ഛേദിക്കുന്നതിന് 42,100/- രൂപ ഒടുക്കുവാൻ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 05.11.24 ലെ 224/DB3/2022/PHD-KTM നം കത്ത് മുഖേന അറിയിച്ചതിനെ തുടർന്ന് വൗച്ചർ നമ്പർ 22400654/16.11.24 പ്രകാരം 42,100 /- രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. എന്നാൽ കണക്ഷൻ വിച്ഛേദിച്ചതായി കാണുന്നില്ല. കൂടാതെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി തുക ഒടുക്കിയപ്പോൾ വാട്ടർഅതോറിറ്റിയുമായി കരാർ ചമച്ചതായും കാണുന്നില്ല. 37 ടാപ്പുകളെ ഒഴിവാക്കി വാട്ടർ ചാർജ്ജ് പുനർനിർണ്ണയിക്കേണ്ടതായിരുന്നെങ്കിലും 2025 മാർച്ച് മാസം വരെ വെള്ളക്കരം പുനർനിർണ്ണയിച്ചിട്ടില്ല. സാമ്പത്തിക വർഷം നിലവിൽ 65 ടാപ്പുകളുടെ പ്രതിമാസ ചാർജ്ജായ 78,861/- രൂപ ഓരോ ബില്ലിലും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുകയും പഞ്ചായത്ത് അടവാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ തൻമാസ ബില്ലിനോടൊപ്പം മുൻകാല കുടിശ്ശികയും ഫൈനും ചേർത്താണ്

വാട്ടർ അതോറിറ്റി ബില്ലിൽ ഡിമാന്റ് ചെയ്യുന്നത്. ഉദാഹരണം 02/2025 ലെ വാട്ടർ ചാർജ്ജ് ബിൽ പരിശോധിച്ചതിൽ 65 ടാപ്പുകളുടെ ചാർജ്ജായ 78861/- രൂപയോടൊപ്പം 2,70,659/- രൂപ മുൻകാല കുടിശ്ശികയും 5,309/- രൂപ പിഴയായും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം 02/2025 ലെ ആകെ ഡിമാന്റ് 3,54,829/- രൂപയാണെങ്കിലും കുടിശ്ശിക ഒഴികെയുള്ള തൻമാസത്തെ വാട്ടർ ചാർജ്ജ് 78,861/- രൂപ മാത്രമാണ് വാട്ടർ ചാർജ്ജിനത്തിൽ ഒടുക്കിയിട്ടുള്ളത്. 03/25 മാസത്തെ വെള്ളക്കരം ഒടുക്കിയതായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വെള്ളക്കര ഡിമാന്റ് നോട്ടീസുകളിലെ കുടിശ്ശികയായി കാണിച്ചിരിക്കുന്ന തുകയിലും തന്മാസ ഡിമാന്റ് തുകയിലും കണക്ഷൻ വിച്ഛേദിക്കാൻ തീരുമാനിച്ചിരുന്ന 37 ടാപ്പുകളുടെ തുക കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ യഥാർത്ഥ വെള്ളക്കരം ബില്ലിൽ പ്രതിഫലിക്കുന്നില്ല.വാട്ടർ ചാർജ്ജ് പുനർനിർണ്ണയിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/22.11.25) വെള്ളക്കരം കാലികമാക്കിത്തരുന്ന മുറക്ക് ബിൽ അടവാക്കുന്നതാണെന്ന് വാട്ടർ അതോറിറ്റിയെ രേഖാമൂലം അറിയിച്ചിട്ടും വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്ന് നടപടികളുണ്ടായില്ലയെന്ന് മറുപടി നൽകിയിട്ടുണ്ട്. ജോയിന്റ് വേരിഫിക്കേഷനിൽ നിലനിർത്താനുദ്ദേശിച്ചിരുന്നതൊഴികെയുള്ള ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനും ഇവയുടെ വെള്ളക്കരം ഡിമാന്റിൽ നിന്നൊഴിവാക്കുന്നതിനും വേണ്ട ഭരണതല നടപടികൾ സ്വീകരിക്കേണ്ടതും ബാധ്യത ക്രമീകരിക്കാനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

**1-31 പാലിയേറ്റീവ് പരിചരണം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് / നമ്പർ | പാലിയേറ്റീവ് പരിചരണം - 9/25 |
| അടങ്കൽ, ഫണ്ടിനം | 500000/- (വികസനഫണ്ട് പൊതു വിഭാഗം) 500000/- (ജില്ലാ പഞ്ചായത്ത് വിഹിതം) 500000/- (ബ്ലോക്കുപഞ്ചായത്ത് വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| ചെലവ് | 456237/- – (വികസനഫണ്ട് പൊതു വിഭാഗം) 331893/- -(ജില്ലാ പഞ്ചായത്ത് വിഹിതം) |

മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ 2024 മുതൽ ഡിസംബർ 2024 വരെയുള്ള കാലയളവിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി 15-24 കി.മി ന് 800/- , 25-34 കി.മിന് – 900, 35-44 കി.മിന് – 1000/- 45 കി.മി ന് മുകളിൽ 1100/- എന്നീ നിരക്കുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ.വി ബി പ്രസന്നകുമാർ സമർപ്പിച്ച 60-65 കി.മിന് ദിവസ വാടകയിനത്തിൽ 1200/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്.

(I)ടിയാളുമായി ചമച്ച കരാർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

(Ii)സഞ്ചരിച്ച ദൂരത്തിനനുസൃതമായാണ് വാടക നൽകേണ്ടതെന്നിരിക്കെ ട്രിപ്പ് ഷീറ്റുകളിൽ പ്രതിദിനം സഞ്ചരിച്ച ദൂരം രേഖപ്പെടുത്താതെ 04/2024 മുതൽ 12/2024 വരെയുള്ള മാസങ്ങളിൽ പ്രതിദിനം 1000/- രൂപയും 01/25,02/2025 മാസങ്ങളിൽ പ്രതിദിനം 1200/- രൂപയും വീതം നൽകിയിരിക്കുന്നു.

| ബിൽ നമ്പർ/ തീയതി | വാഹന വാടകയിനത്തിൽ അനുവദിച്ച തുക |
|---|---|
| 23/27.06.2024 | 20000/- |
| 24/27.06.2024 | 19000/- |
| 34/15.07.2024 | 20000/- |
| 77/12.08.2024 | 20000/- |
| 102/06.09.2024 | 20000/- |

| | |
|---|---|
| 146/07.10.2024 | 19000/- |
| 288/07.01.2025 | 20000/- |
| 499/17.03.2025 | 21600/- |
| 240/18.12.2024 | 18000/- |
| 241/18.12.2024 | 20000/- |
| 345/18.02.2025 | 24000/- |
| ആകെ | 221600/- |

Iii)31.12.2024 വരെയുള്ള കാലയളവിലേയ്ക്കാണ് ക്വട്ടേഷൻ അംഗീകരിച്ചതെങ്കിലും തുടർന്നുള്ള മാസങ്ങളിലും ടിയാളുടെ തന്നെ വാഹനം വാടകയ്ക്കു എടുത്തിട്ടുള്ളതായി കാണുന്നു. ആയതു സംബന്ധിച്ച കമ്മിറ്റി തീരുമാനം പരിശോധനയ്ക്കു ഹാജരാക്കിയില്ല.
Iv. പ്രസിദ്ധപ്പെടുത്തിയ ക്വട്ടേഷൻ പരസ്യം പ്രകാരം 45 കി.മീ.നു മുകളിലുള്ള നിരക്ക് 1100/- രൂപയാണെന്നിരിക്കെ 60-65 കി.മീന് 1200/- രൂപ നിരക്കിൽ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ചതിന്റെ സാഹചര്യം വ്യക്തമല്ല.

2.സ.ഉ(സാധാ)നം.2083/2023/LSGD തീയതി. 25.10.2023 പ്രകാരം പാലിയേറ്റീവ് നഴ്സിനു പ്രതിമാസം നൽകാവുന്ന ഹോണറേറിയം 24520/- രൂപയാണ്. ആയതിന് ഫീൽഡ് സർവ്വീസ് മാസത്തിൽ 20 ദിവസമെങ്കിലും ഉണ്ടായിരിക്കണമെന്നും നിബന്ധനയുണ്ട്. എന്നാൽ 09/2024 ൽ 19, 11/2024 ൽ 18 , 02/2025 ൽ 18 ദിവസങ്ങളിൽ മാത്രമാണ് ഫീൽഡ് സർവ്വീസിനു പോയിട്ടുള്ളുവെന്ന് ഹോംകെയർ രജിസ്റ്റർ പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു.

3.ഹോം കെയർ ടീമിനുള്ള ഭക്ഷണച്ചെലവ് ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം 80 രൂപ നിരക്കിൽ അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന തീയതികളിൽ അധികം തുക അനുവദിച്ചതായി കാണുന്നു.

| തീയതി | പങ്കെടുത്തവർ | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക |
|---|---|---|---|
| 18.6.2024 | 3 | 240 | 320 |
| 24.10.2024 | 3 | 240 | 320 |
| 4.02.2025 | 3 | 240 | 320 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/20.11.25) മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അനുബന്ധരേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്യേണ്ടതാണ്. അതുവരെ വാഹനവാടകയിനത്തിൽ നൽകിയ 221600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1–32 വീട് വാസയോഗ്യമാക്കൽ – ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന ഭവന പുനരുദ്ധാരണ പദ്ധതികളിൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.
1.

| | |
|---|---|
| പ്രോജക്റ്റ് നം | 173/25 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ – ജനറൽ |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 1300000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 1213047/- (വികസന ഫണ്ട് – ജനറൽ) |

മേൽ പദ്ധതിയിൽ ബിൽ നം. 2/09.05.2024 പ്രകാരം പിൻവലിച്ച 520000/- രൂപയിൽ 20000/- രൂപ( വീതം ശ്രീമതി ജെയ്യമ്മ ജോസഫ് ,കാത്യാട് , ശ്രീ.അനിൽകുമാർ എൽ എസ്, ളാഹകുന്നേൽ എന്നീ ഗുണഭോക്താക്കൾക്ക് അഡ്വാൻസായി നൽകിയിട്ടുള്ളതാണ്. മേൽ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. പ്രവൃത്തി

പൂർത്തിയാക്കുന്നതുവരെ 2024-25 വർഷം മുൻകൂർ നൽകുന്നതിന് ചെലവഴിച്ച 40000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പദ്ധതിയിൽ 20000/- രൂപ വീതം അഡ്വാൻസ് ആയി 2023-24 വർഷം ശ്രീമതി മേരിക്കുട്ടി ഇമ്മാനുവേൽ പുത്തൻപുരയ്ക്കൽ, ശ്രീ.നാരായണൻ ആചാരി, തോട്ടുപുറത്ത്, ശ്രീമതി തങ്കമ്മ, പനയ്ക്കൽചിറയിൽ എന്നീ ഗുണഭോക്താക്കളും പണി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/21.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ഉപഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്റ്റ് നം | 93/25 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ – ജനറൽ |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 1560000/- (വികസന ഫണ്ട് – ജനറൽ |
| ചെലവ് | 960000/- (വികസന ഫണ്ട് – ജനറൽ) |

മേൽ പദ്ധതി പ്രകാരം 20000/- രൂപ (ബിൽ നം. 433/07.03.2025 തുക 80000/- )അഡ്വാൻസായി കൈപ്പറ്റിയ ശ്രീ. ശശി എ ആർ, അണ്ണാടിവയലിൽ എന്ന ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/21.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി രേഖകൾ ഹാജരാക്കുന്നതുവരെ 20000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1–33 ജി ബിൻ – വിതരണ രേഖകൾ ലഭ്യമല്ല</u>**

| | |
|---|---|
| പ്രോജക്റ്റ് നം | 135/25 |
| പ്രോജക്ടിന്റെ പേര് | ജി ബിൻ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 120000/-, (വികസന ഫണ്ട് – പൊതുവിഭാഗം) + 116991/-, (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) + 25000, (ഗുണഭോക്തൃ വിഹിതം) = 261991 |
| ചെലവ് | 58495, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം., തീയതി | 540/24.03.2025 |

മേൽ പ്രോജക്ട് പ്രകാരം 'ഈ നാട് യുവജന കോ-ഒപ്പറേറ്റീവ് സൊസൈറ്റി'യിൽ നിന്നും ചുവടെ ചേർക്കുന്ന ഇൻവോയ്സ് നം. B2B-0074 തീയതി 13.03.2025 പ്രകാരം 4290/- രൂപ നിരക്കിൽ 58 ജി ബിന്നുകൾ വാങ്ങിയിട്ടുണ്ട്. രസീത് ബുക്ക് നം. 15828 പ്രകാരം 50 ഗുണഭോക്താക്കളിൽ നിന്നാണ് ഗുണഭോക്തൃ വിഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്. 58 ജി ബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റേയും മുഴവൻ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റേയും വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/21.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി ബിൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഹാജരാക്കുന്നതുവരെ ടി പ്രോജക്ടിനായി ചെലവഴിച്ച 58495/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1–34 ലൈഫ് ഭവന പദ്ധതി – ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല</u>**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട സബ്സിഡി വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിയ്ക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി തുകകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല

| ക്രമനം | പേര് /വിലാസം | നാളിതു വരെ കൈപ്പറ്റിയ തുക | ഏറ്റവുമൊടുവിൽ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | പ്രസന്നകുമാരി | 300000/- | 27.10.2022 |
| 2 | ഗീത ബിജു | 200000/- | 24.02.2021 |
| 3 | അൽഫോൻസാ ജോസഫ് | 200000/- | 23.06.2021 |
| 4 | ആശ ജോൺ | 300000/- | 20.07.2022 |
| 5 | കുട്ടപ്പൻ കെ കെ | 200000/- | 18.03.2022 |
| 6 | ഷീജ എം കെ | 300000/- | 30.09.2021 |
| 7 | അമ്പിളി വി ഡി | 300000/- | 03.06.2021 |
| 8 | ജയശ്രീ രാജു | 40000/- | 15.02.2023 |
| 9 | ചെല്ലമ്മ കെ | 40000/- | 23.06.2021 |
| 10 | ദേവകി രാമചന്ദ്രൻ | 40000/- | 23.06.2021 |
| 11 | ലളിതാ റ്റി കെ | 200000/- | 19.08.2020 |
| 12 | അംബിക | 40000/- | 18.05.2023 |
| 13 | രാധാ ശിവൻകുട്ടി | 40000/- | 17.05.2023 |
| 14 | രേവതി ബി | 40000/- | 14.03.2023 |
| 15 | ശ്രീജ വിശ്വനാഥൻ | 40000/- | 14.03.2023 |

പ്രസ്തുത വ്യക്തികളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ക്രമ നമ്പർ 9, 10, 12, 13, 14, 15 ലെ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുന്നില്ലെങ്കിൽ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

**1-35 അങ്കണവാടികൾ സ്മാർട്ടാക്കൽ പദ്ധതി -പെയിന്റിംഗിന്റെ മൂല്യ നിർണയ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

| പദ്ധതി | 117/24- മാർക്കറ്റ് അങ്കണവാടി സ്മാർട്ടാക്കൽ | 118/24- ഇളമ്പള്ളി അങ്കണവാടി സ്മാർട്ടാക്കൽ | 122/24- മുഴയനാൽ അങ്കണവാടി സ്മാർട്ടാക്കൽ | 123/24- അരുവിക്കുഴി അങ്കണവാടി സ്മാർട്ടാക്കൽ |
|---|---|---|---|---|
| അടങ്കൽ | 100000 (റോഡിതരം) | 100000 (റോഡിതരം) | 100000 (റോഡിതരം) | 100000 (റോഡിതരം) |
| ചെലവ് | 100000 (റോഡിതരം) | 100000 (റോഡിതരം) | 100000 (റോഡിതരം) | 100000 (റോഡിതരം) |
| ബിൽ വിവരങ്ങൾ | ബി.ആർ.എൻ 24080852017001224589-25/01/2025 100000/- രൂപ | ബി.ആർ.എൻ 24080852017001224593-25/01/2025- 100000 /- രൂപ | ബി.ആർ.എൻ-24080852017001224597-25/01/2025- 100000/- രൂപ | ബി.ആർ.എൻ-24080852017001224595-25/01/2025- 100000/- രൂപ |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി ഇളമ്പള്ളി, മുഴയനാൽ, മാർക്കറ്റ്, അരുവിക്കുഴി അങ്കണവാടികൾ സ്മാർട്ടാക്കുന്നതിനായി ടിവി, മേശ, കസേര എന്നിവ വാങ്ങുന്നതിനും ചുവരുകൾ പെയിന്റ് ചെയ്ത് ചിത്രങ്ങൾ വരയ്ക്കുന്നതിനുമായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്മാർട്ട് കിഡ് എഡ്യൂമാർട്ട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം ചുമരുകൾ പെയിന്റ് ചെയ്യുന്നതിനായി 220000/- രൂപ ( 55000 രൂപ X4) വീതം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ എത്ര സ്ക്വയർ ഫീറ്റ് പെയിന്റ് ചെയ്തു എന്നത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പൊതു മരാമത്ത് സ്വഭാവമുള്ള മേൽ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം മൂല്യനിർണ്ണയം നടത്തേണ്ടതുമായിരുന്നു. എന്നാൽ ആയവ ചെയ്തതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഏജൻസി നടത്തിയ പ്രവൃത്തിയുടെ കൃത്യത വിലയിരുത്താതെ പ്രതിഫലം നൽകിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.11.25) അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.ഐ.ഡി ആന്റ് ഇ ഡബ്ല്യു ന്റെ വാല്യുവേഷൻ സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവു തുക 220000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൂല്യനിർണയ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-36 അനുപൂരക പോഷകാഹാര പദ്ധതി ജി.എസ്.ടി സ്രോതസിൽ നിന്നും കുറവ് വരുത്തിയില്ല**

| | |
|---|---|
| പ്രോജക്ട് | നം-എസ് 86/25-അങ്കണവാടി അനുപൂരക പോഷകാഹാരം അങ്കണവാടിയിലൂടെ |
| അടങ്കൽ | 2927192/-രൂപ |
| ചെലവ് | 1391802/- രൂപ (694815-പൊതു വിഭാഗം ജനറൽ +- +696987-കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

അനുപൂരക പോഷകാഹാര പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ) പ്രസ്തുത പ്രോജക്ട് പ്രകാരം ജനപ്രിയ അമൃതം ഫുഡ് മിക്സ്', പിണ്ണക്കനാട് എന്ന സ്ഥാപനത്തിൽ നിന്നാണ് 'അമൃതം മിക്സ് വാങ്ങിയിട്ടുള്ളത്. ജി.എസ്.ടി ഉൾപ്പെടെ നൽകി വാങ്ങിയ ഉത്പന്നത്തിന്റെ ആകെ ടാക്സ് ഇൻവോയ്സ് മൂല്യം 2.5 ലക്ഷത്തിൽ അധികരിച്ചുവെങ്കിലും സ്രോതസിൽ നിന്നും 2017-ലെ കേന്ദ്ര-സംസ്ഥാന ജി.എസ്.ടി നിയമം വകുപ്പ് 51(1) അനുസരിച്ച് ടി.ഡി.എസ് ആയി 2% തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് വിശദാംശങ്ങൾ | ന്യൂട്രീമിക്സിന്റെ വില (GST, ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടാത്ത തുക | CGST,SGST (5%) ഇനത്തിൽ സ്ഥാപനത്തിന് നൽകിയ തുക | ടി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 115/14.06.24- 58047 | 52430 | 2621.5 | 1048.6 |
| 136/23.08.24- 76221 | 68845 | 3442.25 | 1377 |
| 126/23.08.24- 60217 | 54390 | 2719.5 | 1088 |
| 164/29.10.24- 61612 | 55650 | 2782.50 | 1113 |
| 177/ 22.11.24-70486 | 67130 | 3356.5 | 1342.6 |
| 185/30.12.24- 60343 | 57470 | 2873.5 | 1149 |
| 190/20.01.25- 67914 | 64680 | 3234 | 1293.6 |
| 356/ 18.02.25-60450 | 54600 | 2730 | 1092 |
| ആകെ | 475195 | 23760 | 9504 |

മേൽ പരാമർശിത ഇൻവോയ്സുകൾ പ്രകാരം 5% നിരക്കിൽ ആകെ 23,760/- രൂപ GST ഇനത്തിൽ ജനപ്രിയ അമൃതം ഫുഡ് മിക്സിന് വിവിധ മാസങ്ങളിലായി കൈമാറിയിട്ടുണ്ട്. 2017-ലെ കേന്ദ്ര-സംസ്ഥാന ചരക്കു സേവന നികുതി നിയമം 51(1)-ാം വകുപ്പനുസരിച്ച് ആകെ മൂല്യം 2.5 ലക്ഷം രൂപയിലധികരിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ബില്ലിൽനിന്ന് ജി.എസ്.ടി ഇനത്തിൽ 2% തുക (CGST-1%, SGST-1%) സ്രോതസ്സിൽനിന്നും കുറവു വരുത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചത് ശരിയായ നടപടിയല്ല. ടി വാങ്ങലിൽ 9504/- (475195@2%) രൂപ ജി.എസ്.ടി- ടി.ഡി.എസ് ആയി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/21.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വാങ്ങലുമായി ബന്ധപ്പെട്ട് സ്ഥാപനം സമർപ്പിച്ച റിട്ടേൺ രേഖകൾ ലഭ്യമാക്കുകയോ സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാരിനുണ്ടായ നഷ്ടം ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഭാവിയിൽ വീഴ്ച ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-37 ബി.എസ്.എസ് റോഡ് നവീകരണം- ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുള്ളിൽ റോഡ് പൊളിഞ്ഞു.**

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ കല്ലടാം പൊയ്കയിൽ സ്ഥിതി ചെയ്യുന്ന എഫ്.എച്ച്.സിയിലേക്കുള്ള പ്രധാന റോഡാണ് ബി.എസ്.എസ് റോഡ്. പ്രസ്തുത റോഡിന്റെ പൊങ്ങനാംകുന്ന് മുതൽ കല്ലടാംപൊയ്ക വരെയുള്ള ഭാഗത്ത് വിവിധ ചെയിനേജുകളിലായി 3.7 മീറ്റർ

വീതിയിൽ ടാറിംഗ്, റീടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവ ചെയ്യുന്നതിനായി 2024-25 വർഷം 2 പ്രോജക്റ്റുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം. 267/25

ബി.എസ്.എസ് റോഡ് നവീകരണം.

അടങ്കൽ- 2337454/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ്- 2181927/- രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ LID&EW

ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ | തുക | ബിൽ നം/ തീയതി |
|---|---|---|---|
| 1 | ഒന്നാം പാർട്ട് ബിൽ | 290466 | 705/18.3.25 |
| 2 | രണ്ടാം പാർട്ട് ബിൽ | 1540082 | 751/25.3.25 |
| 3 | മൂന്നാം പാർട്ട് ബിൽ | 351379 | 767/26.3.25 |
| | ആകെ | 2181927 | |

2) പ്രോജക്ട് നം. 304/25

ബി.എസ്.എസ് റോഡ് മെയിന്റനൻസ് പൂർത്തീകരണം

അടങ്കൽ- 1189000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡ് )

ചെലവ്- 544361 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ LID&EW

| ക്രമ നം | ബിൽ | തുക | ബിൽ നം/ തീയതി |
|---|---|---|---|
| 1 | ഒന്നാം പാർട്ട് ബിൽ | 219059 | 732/22.3.25 |
| 2 | രണ്ടാം പാർട്ട് ബിൽ | 325302 | 766/26.3.25 |
| | ആകെ | 544361 | |

ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തി പൂർത്തീകരിച്ച് അധികം താമസിയാതെ തന്നെ റോഡിന്റെ പല ഭാഗങ്ങളിലായി ഉപരിതലം പൊട്ടിപ്പൊളിഞ്ഞതായി അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനെ രേഖാമൂലം അറിയിച്ചതായി കാണുന്നു. ( കത്ത് നം. 12/ AE/LID & EW / PLKD/ 2026/ തീയതി- 6.6.25 ). റോഡിന്റെ പൊങ്ങനാംകുന്ന്, പൂവത്താനി, കല്ലടാംപൊയ്ക, കദളിമറ്റം എന്നീ ഭാഗങ്ങളിൽ എം.എസ്.എസ്. ലെയർ പൊട്ടിപ്പൊളിഞ്ഞതായി കാണപ്പെട്ടതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയും അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണെന്നും കരാറുകാരനെ അറിയിച്ചു. കാലാവസ്ഥ അനുകൂലമാകുന്ന സാഹചര്യത്തിൽ അപാകതകൾ പരിഹരിക്കാമെന്ന് കരാറുകാരൻ 18.6.25 ൽ അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചു.

അപാകതകൾ പരിഹരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 12/19.11.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് കരാറുകാരനെക്കൊണ്ട് അപാകത പരിഹരിപ്പിക്കുന്നതാണെന്ന് അറിയിച്ചു. റോഡ് ടാറിംഗ് പൊളിഞ്ഞ് പോയിട്ടുള്ളത് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. അതുവരെ ടി രണ്ട് പ്രോജക്ടുകളിലായുള്ള ആകെ 2726288/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-38 കരാർ വെക്കാൻ താമസിച്ചു- പിഴ ഈടാക്കിയില്ല.**

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ വെച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ വെക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ വെക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 253/25 വള്ളിക്കാട് കുടിവെള്ള പദ്ധതി പൂർത്തീകരണം | പി. എസ് രവീന്ദ്രൻ നായർ, പന്തലാനിക്കൽ, പുലിയന്നൂർ | 6.11.24 | 26.11.24 | 427528 | 4275 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ വെച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 14/19.11.25-ാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയതതിൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി പഞ്ചായത്തിൽ അടവാക്കുന്നതാണെന്ന് അറിയിച്ചു. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 4275/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-39 ടെണ്ടർ ഫീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നൽകിയിട്ടില്ല.**

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിലെ LID & EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്. ബി. ഐ പള്ളിക്കത്തോട് ബ്രാഞ്ചിൽ കറന്റ് അക്കൗണ്ട് ഉണ്ട് (അക്കൗണ്ട് നം. 37549403774 ). ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നതിനുള്ളതാണ് പ്രസ്തുത അക്കൗണ്ട്. ഈ അക്കൗണ്ടിൽ 31.3.2025 ൽ 147062/- രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. തുക പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ 22/21.11.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ 2023-24 വർഷം ഇ ടെണ്ടർ ഫീ ഇനത്തിൽ ക്രഡിറ്റ് വന്ന 57390/- രൂപ, 12.11.25 ൽ ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് ഒടുക്കിയതിന്റെ രസീത് ഹാജരാക്കി. 2024-25 വർഷം ഇ ടെണ്ടർ ഫീ ഇനത്തിൽ ക്രഡിറ്റ് വന്ന 89672/- രൂപ ഉടൻ തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുന്നതാണെന്നും അറിയിച്ചു. തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-40 വിവിധ മരാമത്ത് പ്രവൃത്തികൾ- പൊളിച്ചു നീക്കിയ സാധനങ്ങളുടെ സർവ്വേറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.**

പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി വിവിധ ഇനങ്ങൾ പൊളിച്ചു നീക്കിയിട്ടുണ്ട്. എന്നാൽ അവയുടെ മൂല്യനിർണ്ണയം നടത്തി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/ പേര് | പൊളിച്ചു നീക്കിയ സാധനം | അളവ് | എസ്റ്റിമേറ്റിലെ ഇനം |
|---|---|---|---|---|
| 1 | 266/25 ആയുർവ്വേദ ഡിസ്പെൻസറി നവീകരണവും യോഗ ഹാൾ നിർമ്മാണവും | ആസ്ബെറ്റോസ് ഷീറ്റ് റൂഫിംഗ് | 38.34 M2 | 3 |
| 2 | 73/25 പഞ്ചായത്ത് കെട്ടിടങ്ങളുടെ ഷട്ടർ മാറ്റി സ്ഥാപിക്കൽ | സ്റ്റീൽ റോളിംഗ് ഷട്ടർ | 149.35 Kg | 3 |
| 3 | 257/25 ആനിക്കാട് ഗവ. യു. പി. സ്കൂളിന് മേൽക്കൂര നവീകരണം | ആസ്ബെറ്റോസ് ഷീറ്റ് റൂഫിംഗ് | 290.72 M2 | 1 |

മേൽ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി പൊളിച്ചു നീക്കിയ ഇനങ്ങളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 13/19.11.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നമ്പർ 3 ലെ സർവ്വേറിപ്പോർട്ട് തയ്യാറാക്കി 4.7.25 ൽ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും ക്രമ നമ്പർ 1 ലെ സർവ്വേറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതായും ആയത് ഉടൻ തന്നെ സെക്രട്ടറിക്ക് കൈമാറുന്നതാണെന്നും ക്രമ നമ്പർ 2 ലെ പ്രവൃത്തിയിൽ പൊളിച്ച് നീക്കിയ 5 കടമുറികളുടെ സ്റ്റീൽ റോളിംഗ് ഷട്ടറുകൾ ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്നും ആയതിന്റെ സർവ്വേറിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറിക്ക് കൈമാറുന്നതാണെന്നും അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-41 കാലി ബാരൽ വില കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത്- സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.**

2024-25 വർഷം പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | കുറവ് ചെയ്ത ബാരൽ വില + 18% ജി.എസ്.റ്റി | ഫണ്ടിനം |
|---|---|---|---|
| 1 | 267/25, ബി.എസ്.എസ്. റോഡ് നവീകരണം | 21356 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 2 | 304/25, ബി.എസ്.എസ്. റോഡ് മെയിന്റനൻസ് പൂർത്തീകരണം | 4215 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 3 | 252/25, പള്ളിക്കത്തോട്-വഞ്ചിപ്പാറ റോഡ് റീ കോൺക്രീറ്റിംഗ് റീടാറിംഗ് | 5620 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 4 | 239/25, പുത്തൻചന്ത മന്നം ബ്രിഡ്ജ് റോഡ് ടാറിംഗ് | 2810 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 5 | 170/25 മന്ദിരം നിർമ്മല ഹോസ്പിറ്റൽ റോഡ് റീടാറിംഗ് | 7021 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 6 | 213/25, പുത്തൻചന്ത കൂട്ടമാവ് റോഡ് മെയിന്റനൻസ് | 1405 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 7 | 235/25, പൊട്ടനാനിക്കൽ തളരിപ്ലാക്കൽ റോഡ് റീ കോൺക്രീറ്റിംഗ് റീടാറിംഗ് | 3653 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 8 | 240/25, പുത്തൻചന്ത വേരുങ്കൽപ്പാറ തുരുത്ത് റോഡ് റീടാറിംഗ് | 1966 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 9 | 218/25, ഉദിക്കുഴ നെടുമാവ് പള്ളി റോഡ് റീടാറിംഗ് | 3653 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 10 | 220/25, പുത്തൻചന്ത വേരുങ്കൽപ്പാറ റോഡ് റീടാറിംഗ് | 1966 | മെയിന്റനൻസ് ഫണ്ട് റോഡ് |
| | ആകെ | 53665 | |

മേൽ തുക ഏത് ശീർഷകത്തിലാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും ആയത് സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ 23/21.11.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കുറവ് ചെയ്ത തുക ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലാണ് ഒടുക്കിയിട്ടുള്ളത് എന്ന് അറിയിച്ചു. ബാർൽ വിലയും ജി.എസ്.റ്റിയും സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-42 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല**

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പ്രോജക്റ്റുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്.നം &പേര് | 298/25വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 202/25റെയിൽവെ കോളനി മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 296/25ഇളംപള്ളി സ്കൂൾ പരിസരത്ത് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
|---|---|---|---|
| അടങ്കൽ | 1000(തനത്ഫണ്ട്)+ 6,50,000(ബ്ലോക്ക് പഞ്ചായത്ത്)<br>6,51,000 | 5000(തനത്ഫണ്ട്)+ 5,00,000 (ജില്ലാപഞ്ചായത്ത്)<br>5,05,000 | 1000(തനത്ഫണ്ട്)+ 1,25,000(ബ്ലോക്ക്പഞ്ചായത്ത്)<br>1,26,000 |
| ചെലവ് | 6,13,930(ബ്ലോക്ക് പഞ്ചായത്ത്) | 3,10,000 (ജില്ലാപഞ്ചായത്ത്) | 1,00,000(ബ്ലോക്ക് പഞ്ചായത്ത്) |

വിവിധ പ്രോജക്റ്റ് പ്രകാരം സ്ഥാപിച്ച ലൈറ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം 296/25 പ്രകാരം **(1X200W) ന്റെ** 6 മീറ്റർ ഉയരമുള്ള മിനിമാസ്റ്റ് ലൈറ്റുകൾ 1എണ്ണവും പ്രോജക്ട് നം 202/25 പ്രകാരം **(2X200W) ന്റെ** 8 മീറ്റർ ഉയരമുള്ള മിനിമാസ്റ്റ് ലൈറ്റുകൾ 2എണ്ണവും പ്രോജക്ട് നം 298/25 പ്രകാരം **(3X150W) ന്റെ** 6 മീറ്റർ ഉയരമുള്ള മിനിമാസ്റ്റ് ലൈറ്റുകൾ 5 എണ്ണവും ഉൾപ്പടെ മൂന്നു പ്രോജക്ടിലുമായി വിവിധ ഭാഗങ്ങളിൽ 8 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)ഹാജരാക്കിയ ഓഫർ ലെറ്റർ പ്രകാരമുള്ള തുകയാണ് അവർക്ക് നല്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകളുടെ(3X150W) ഓഫർ ലെറ്റർ പ്രകാരമുള്ള വില =122786 രൂപ**

**8 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകളുടെ(2X200W) ഓഫർ ലെറ്റർ പ്രകാരമുള്ള വില =1,55,000/- രൂപ**

**6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകളുടെ(1X200W) ഓഫർ ലെറ്റർ പ്രകാരമുള്ള വില =1,00,000/- രൂപ**

## നിർവ്വഹണം സംബന്ധിച്ച അപാകതകൾ

1.PMC ഏജൻസിയായ KEL നടപടിക്രമങ്ങൾ പാലിച്ച് കരാറുകാരനെ തെരഞ്ഞെടുത്തിരുന്നോയെന്നത് വ്യക്തമല്ല. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് എത്രയെന്നും ആയതനുസരിച്ചുള്ള തുകയാണോ നൽകിയതെന്നുള്ളതും വ്യക്തമല്ല.

2.ജി ഓ (പി )118/2018 ഫിൻ തീ 3-8-18 ൽ നിഷ്കർഷിക്കും പോലെ കരാറുകാരന് ഗ്രാമപഞ്ചായത്ത് നേരിട്ട് തുക നല്കുന്നതിന് പകരം KEL നേരിട്ട് തുക കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു. PMC ഏജൻസി വഴി ചെയ്യുന്ന പ്രവൃത്തികൾക്ക് സെന്റേജ് ചാർജ് മാത്രമാണ് ഏജൻസിക്ക് (KELന്)നേരിട്ട് കൈപ്പറ്റാവുന്നത്.

3.തികച്ചും മരാമത്ത് സ്വഭാവമുള്ള പ്രസ്തുത പ്രവർത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവ KEL തയ്യാറാക്കിയിരുന്നില്ല.

. അളവ്/മേലളവ് രേഖപ്പെടുത്തുക തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പോ,ഏജൻസിയോ നടത്തിയതായി രേഖകളില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/21-11-25)മറുപടി ലഭ്യമാക്കിയിരുന്നില്ല. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ മൂന്ന് പ്രോജക്ടുകൾക്കുമായി ചെലവഴിച്ച ആകെ 1023930/- രൂപ (613930+310000+100000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള നിർവ്വഹണത്തിൽ സർക്കാർ ഉത്തരവ് അനുസരിച്ച് മാത്രം നിർവ്വഹണം നടത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-43 കുടുംബശ്രീ ഗ്രൂപ്പ് സംരംഭം(വനിത)- സബ്സിഡിയ്ക്കാധാരമായ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല**

| പ്രോജക്ട്.നം &പേര് | 193/25 കുടുംബശ്രീ ഗ്രൂപ്പ് സംരംഭം(വനിത) |
|---|---|
| അടങ്കൽ | 2,00,000/- (വികസനഫണ്ട് |

| | |
|---|---|
| | -പൊതുവിഭാഗം) |
| ചെലവ് | 2,00,000/-(ബിൽ നം 43/7-3-25) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

സ്പിൽ ഓവറായി തുടർന്ന പ്രസ്തുത പ്രോജക്റ്റിന്റെ ഭാഗമായി ചൈതന്യ കുടുംബശ്രീയൂണിറ്റിനെ ഗുണഭോക്താവായി തെരഞ്ഞെടുക്കുകയും സംരംഭം ആരംഭിച്ചതിന് ധനസഹായമായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 2,00,000/-രൂപ നൽകുകയും ചെയ്തിരുന്നു. സ.ഉ(കൈ) നം 115/2022/LSGD തീയതി 28-5-22 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖ.6-5-4 പ്രകാരം സ്വയം തൊഴിലിനായി സ്ത്രീകൾ മാത്രം അംഗങ്ങളായുള്ള ഗ്രൂപ്പ് സംരംഭങ്ങൾക്ക് സംരംഭം ആരംഭിക്കാനാവശ്യമായ മൂലധനചെലവിന്റെ 75%മാണ് ധനസഹായം നൽകാവുന്നത്. എന്നാൽ സംരംഭം ആരംഭിക്കുന്നതിന് ആകെ ചെലവ് വന്ന തുകയുടെ ബില്ലുകളും രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആവശ്യമായ രേഖകളുടെ അഭാവത്തിൽ തുക നൽകിയതെങ്ങനെയെന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 34/21-11-25) മറുപടിയായി ബില്ലുകൾ നഷ്ടപ്പെട്ട് പോയതാണെന്നും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നത് വരെ ധനസഹായമായി അനുവദിച്ച 2,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിററ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-44 പള്ളിക്കത്തോട് തോട് ശുചീകരണം -പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകത**

| | |
|---|---|
| പ്രോജക്റ്റ് നം &പേര് | 143/25പള്ളിക്കത്തോട് തോട് ശുചീകരണം |
| അടങ്കൽ | 80,000/- (സിഎഫസി ഗ്രാന്റ് ) |
| ചെലവ് | 77310/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റിന്റെ ഭാഗമായി വിവിധ ദിവസങ്ങളിൽ തോട് ശുചീകരണത്തിനായി 77310/-രൂപ സിഎഫ് സി ഗ്രാന്റ് ചെലവഴിച്ചിരുന്നു. പ്രസ്തുത പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. മരാമത്ത് സ്വഭാവമുള്ള പ്രസ്തുത പ്രോജക്റ്റിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം വാല്യുവേഷൻ എടുക്കുകയോ ഉണ്ടായിട്ടില്ല.

2. തോടിന്റെ ഏതൊക്കെ ഭാഗങ്ങളിലാണ് ശുചീകരണം നിർവ്വഹിച്ചത് എന്നത് വ്യക്തമല്ല.

3. 27-9-24 മുതൽ 30-9-24 വരെമസ്റ്റർ റോൾ പ്രകാരം 3പേർ ചെയ്ത ജോലിയ്ക്ക് വേതനമായി 7200/-രൂപ നൽകിയിരിക്കുന്നത് ശ്രീ.ജോൺ പി വി എന്നയാളുടെ അക്കൗണ്ടിലേയ്ക്ക് ആണ്. 21-3-25 മുതൽ 22-3-25 വരെ മസ്റ്റർ റോൾ പ്രകാരം 5 പേർ ചെയ്ത ജോലിയ്ക്ക് വേതനമായി 7500/-രൂപ നൽകിയിരിക്കുന്നത് ശ്രീ.ബാലു രാമചന്ദ്രൻ എന്നയാളുടെ അക്കൗണ്ടിലേയ്ക്ക് ആണ്. ഓരോരുത്തരുടേയും വ്യക്തിഗത അക്കൗണ്ടുകളിലേയ്ക്ക് വേതനം നൽകുന്നതിന് പകരം ഒരാളുടെ അക്കൗണ്ടിലേയ്ക്ക് തുക അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/21-11-25 ) മറുപടിയായി അടിയന്തിരപ്രാധാന്യത്തോടെ നിർവ്വഹിക്കേണ്ട പ്രവർത്തിയായതിനാലാണ് പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിച്ചത് എന്ന് അറിയിച്ചിരുന്നു. അന്യസംസ്ഥാനതൊഴിലാളികൾക്ക് അക്കൗണ്ട് നമ്പർ ഇല്ലാതിരുന്നതിനാലാണ് ചുമതലപ്പെടുത്തിയ വ്യക്തികൾക്ക് തുക നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുക, ചെയ്ത പ്രവർത്തികളുടെ വാല്യുവേഷൻ തയ്യാറാക്കുക എന്നിവ കൂടാതെ തുക നൽകിയത് ക്രമപ്രകാരമല്ല. നടപടിക്രമങ്ങൾ പാലിച്ച് മാത്രം നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാത ജോലി ചെയ്യുന്ന തൊഴിലാളികളുടെ അക്കൗണ്ട് നമ്പർ ലഭ്യമാക്കി വേതനം ടി അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-45 RDB ലോൺ തിരിച്ചടവ് - തിരിച്ചടച്ച തുക ബാധ്യതാ കണക്കുകളിൽ നിന്നും കുറവ് ചെയ്തില്ല**

| | |
|---|---|
| പ്രോജക്റ്റ് നം &പേര് | 4/25 RDB ലോൺ തിരിച്ചടവ് |
| അടങ്കൽ | 4,00,000/- (വികസനഫണ്ട്-പൊതു) |
| ചെലവ് | 4,00,000/-(ബിൽ നം 9/20-7-24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റിന് 4,00,000/-രൂപ പൊതുവിഭാഗം വികസനഫണ്ട് വിനിയോഗിച്ച് ലോൺ തിരിച്ചടവ് നടത്തിയിരുന്നു. 2023-24 വാർഷികകണക്കുകളുടെ ബാലൻസ് ഷീറ്റ് പ്രകാരം ആർഡിബി ലോൺ ഇനത്തിലെ അടവാക്കാനുള്ള ബാലൻസ് 35,27,988/- രൂപയായിരുന്നു. 2024-25വർഷം അടവാക്കിയ

4,00,000/-രൂപ കുറവ് ചെയ്താൽ അടയ്ക്കാൻ ബാക്കിയുള്ളതുക 31,27,988/-രൂപ മാത്രമേ വരാവൂ എന്നിരിക്കെ 2024-25 വർഷത്തെ വാർഷികകണക്കുകളിൽ ബാധ്യതാ തുകയിൽ നിന്നും ടി തുക കുറവ് ചെയ്തിട്ടില്ലായെന്ന് കാണുന്നു. 2024-25 വാർഷിക കണക്കുകളിൽ ആർഡിബി ലോൺ ഇനത്തിൽ അടയ്ക്കാൻ ബാലൻസ് നിൽക്കുന്ന തുക 35,27,988/- രൂപയായാണ് ചേർത്തിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം15/21-11-25) മറുപടിയായി അപാകത 2025-26 വർഷത്തെ വാർഷികകണക്കുകളിൽ പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-46 മിനി എംസിഎഫിന് ചുറ്റും സൗന്ദര്യവത്ക്കരണം -നടപടിക്രമങ്ങളിൽ അപാകത**

| | |
|---|---|
| പ്രോജക്ട് നം &പേര് | 167/25മിനി എംസിഎഫിന് ചുറ്റും സൗന്ദര്യവത്ക്കരണം |
| അടങ്കൽ | 1,00,400/- (സിഎഫസി ഗ്രാന്റ് ) |
| ചെലവ് | 97400/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റിന് 97400/-രൂപ CFC ഗ്രാന്റ് വിനിയോഗിച്ചിരുന്നു. പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത പ്രോജക്റ്റിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. എന്നാൽ എന്താണ് നടപ്പാക്കേണ്ടതെന്ന് ക്വട്ടേഷൻ നോട്ടീസിൽ വ്യക്തമാക്കിയിട്ടില്ല. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.പിഎസ് രവീന്ദ്രൻ നായർക്ക് കരാർ നൽകി. എന്നാൽ കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരന് പ്രവൃത്തി ഏൽപിച്ച് നൽകി. പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ ബിൽ തുക നൽകിയതിന് മൂല്യ നിർണ്ണയം നടത്തിയിരുന്നില്ല.

2. ബിൽ തുകയിൽ നിന്നും IT(1%), KCWWF(1%) എന്നിവ ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം15/21-11-25) മറുപടിയായി മിനി എംസിഎഫുകളുടെ ചുറ്റും വൃത്തിയാക്കി പൂച്ചെടികൾ നട്ട് മനോഹരമാക്കുന്നതിനാണ് കരാറുകാരന് തുക നൽകിയത് എന്ന് അറിയിച്ചിരുന്നു. മരാമത്ത് സ്വഭാവമുള്ള പ്രസ്തുത പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാതെ, ചെയ്യേണ്ട ജോലികൾ കൃത്യമായി നിർവ്വചിക്കാതെ പ്രവൃത്തി ഏൽപിച്ച് നൽകിയത് ക്രമപ്രകാരമല്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ബിൽ തുകയിൽ നിന്ന് ഈടാക്കാനുള്ള IT(1%)=974, KCWWF(1%)=974/- രൂപ വീതം ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-47 നിക്ഷേപപ്രവർത്തികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല**

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റു പ്രകാരമുള്ള വിവിധ സർക്കാർ ഏജൻസികളിൽ നടത്തിയ നിക്ഷേപപ്രവർത്തികളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്റ്റ് | നിക്ഷേപിച്ച തുക | ഏജൻസി |
|---|---|---|---|
| 1 | 312/25 കന്നുകുഴി കുടിവെള്ള പദ്ധതി ത്രീഫേസ് ലൈൻ വലിക്കൽ | 6642/- (തനത് ഫണ്ട് ) (ചെക്ക് നം 398718/30-3-25) | KSEB പള്ളിക്കത്തോട് സെക്ഷൻ |
| 2 | 150/25 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 99851/-(CFC) (ബിൽനം260/24-12-24) | KSEB പള്ളിക്കത്തോട് സെക്ഷൻ |
| 3 | 186/25 മക്കനാൽ കുടിവെള്ള പദ്ധതിയ്ക്ക് വിഹിതം നൽകൽ | 2,96,672/- (ജില്ലാപഞ്ചായത്ത്) | KSEB പള്ളിക്കത്തോട് സെക്ഷൻ |
| 4 | 162/25 പാലപ്പറമ്പ് ഭാഗം കുഴൽക്കിണർ നിർമ്മാണം | 56166/-(CFC) (ബിൽനം219/13-12-24) | GWD, കോട്ടയം |
| 5 | 113/25 കദളിമറ്റം കുടിവെള്ളപദ്ധതിയ്ക്ക് കുഴൽക്കിണർ നിർമ്മാണം | 56171/-(CFC) (ബിൽനം356/22-2-25) | GWD, കോട്ടയം |
| 6 | 163/25 കാവുങ്കൽ ഭാഗം കുഴൽക്കിണർ | 64039/-(CFC) | GWD, കോട്ടയം |

| | | | |
|---|---|---|---|
| | നിർമ്മാണം | (ബിൽനം220/13-12-24) | |
| 7 | 313/25 അരുവിക്കുഴി ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം | 3120/-(തനത് ഫണ്ട്) (ചെക്ക് നം 398719/30-3-25) | GWD, കോട്ടയം |
| 8 | 259/25 അരുവിക്കുഴി സ്റ്റേഡിയം കുഴൽക്കിണർ നിർമ്മാണം (2023-24 ൽ നിക്ഷേപിച്ചത്=1,50,000/-) | 1,07,000/- (വികസനഫണ്ട് -പൊതു) ബിൽ നം 30/13-12-24 | GWD, കോട്ടയം |
| | ആകെ | 689661 | |

പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 24/21-11-25) മറുപടിയായി പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് പള്ളിക്കത്തോട് കെഎസ്ഇബി, ഭൂജലവകുപ്പ് , കോട്ടയം എന്നീ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിരുന്നുവെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിരുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ നിക്ഷേപപ്രവർത്തികൾക്കായി ചെലവഴിച്ച ആകെ തുകയായ 689661/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-48 ജലജീവൻ മിഷൻ പദ്ധതി -അവലോകനം**

100% ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ എല്ലാ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ബൃഹത്തായ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ ജലക്ഷാമത്തെ അതിജീവിക്കാൻ പ്രാപ്തമാക്കുന്നതായിരുന്നു ടി പദ്ധതി.

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി നാളിതു വരെ തുക വകയിരുത്തിയിട്ടില്ല. സ്ഥാപനവിഹിതമോ ഗുണഭോക്തൃവിഹിതമോ കൈമാറുന്നതിന് നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് മറ്റ് പ്രോജക്ടുകളും തയ്യാറാക്കിയിട്ടില്ല. എം എൽ എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നാളിതുവരെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് ജലജീവൻ മിഷൻ പദ്ധതിക്കായി തുക അനുവദിച്ചിട്ടില്ല.
സുസ്ഥിരമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം ഗ്രാമപഞ്ചായത്ത് തലത്തിൽ സാദ്ധ്യമാക്കുന്നതിനായി ഭരണസമിതിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ജലജീവൻ മിഷൻ പദ്ധതി പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

**1-49 ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

**ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും.**

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |

| | |
|---|---|
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

**ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ .**

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്റ്റുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

**ഗ്രാമപഞ്ചായത്തിന്റെ സാഹചര്യം**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 5 (4 ഉപകേന്ദ്രങ്ങൾ), ഹോമിയോപ്പതി - 1, ആയുർവേദ – 1 എന്നിങ്ങനെ 7 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല. 2024-25 വർഷം മുക്കാലി ഹെൽത്ത് സെന്ററിനായി 5 സെന്റ് സ്ഥലം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണത്തിന് പ്രോജക്റ്റ് തയ്യാറാക്കിയിട്ടില്ല. ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

**2022-23 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും (2021-22 വർഷം മുതൽ 2023-24 വർഷം വരെ അനുവദിച്ച തുകകൾ) ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം.**

| തുക അനുവദിച്ച വർഷം | തുക ലഭ്യമായ വർഷം | ഇനം | ലഭ്യമായ തുക | ചെലവഴിച്ച തുക | ബാക്കി തുക | ശതമാനം |
|---|---|---|---|---|---|---|
| 2021-22 | 2022-23 | സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 236447 | 234621 | 1826 | 99.22 |
| 2021-22 | 2022-23 | സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 0 | 0 | 0 | 0 |
| 2021-22 | 2022-23 | സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110000 | 110000 | 0 | 100 |
| 2022-23 | 2023-24 | സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 751000 | 751000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 2022-23 | 2023-24 | സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 0 | 0 | 0 | 0 |
| 2022-23 | 2023-24 | സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 325000 | 325000 | 0 | 100 |
| 2023-24 | 2024-25 | സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 314000 | 0 | 314000 | 0 |
| 2023-24 | 2024-25 | സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 0 | 0 | 0 | 0 |
| 2023-24 | 2024-25 | സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 518000 | 0 | 518000 | 0 |

**ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായുള്ള ബാങ്ക് അക്കൗണ്ടുകൾ.**

കാനറ ബാങ്കിന്റെ വാഴൂർ ശാഖയിൽ താഴെപ്പറയുംപ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110042522698 |
| സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 110042522705 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | 110042522720 |

**ഗ്രാന്റുപയോഗിച്ച് നടന്നുവരുന്ന പ്രവർത്തനങ്ങൾ.**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് നാളിതുവരെ സ്കീം 1 ൽ തുക ലഭ്യമായിട്ടില്ല.

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. ചെലവാകാതെ അവശേഷിക്കുന്ന തുകകൾ 2025-26 വർഷത്തെ പ്രോജക്കുകൾക്കായി വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളുടെ എച്ച് എം സി ഫണ്ടിലേക്ക് ഹെൽത്ത് ഗ്രാന്റ് തുകകൾ കൈമാറിയിട്ടില്ല. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത്

ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറുമാറാണ് നിർവ്വഹിക്കുന്നത്.
സ്കീം 3 പ്രകാരം ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടില്ല. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.
പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ 4 ഹെൽത്ത് വെൽനസ് സെന്ററുകളാണുള്ളത്. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ആരോഗ്യ വർദ്ധക സേവനങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങളായ പ്രതിരോധ കുത്തിവെയ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ, വാർഷിക ആരോഗ്യ പരിശോധനകൾ എന്നിവ നടത്തുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്.
ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾ രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.
ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 16 | 102000 (01.04.2024 ലെ ഓപ്പണിംഗ് ബാലൻസായ 8500/- ഉൾപ്പെടെ) | 96000 | 6000 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | | | |
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

**4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 29.07.2025 | 18.11.2025 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

**4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം**

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 331893 | പാലിയേറ്റീവ് കെയർ(9/25) | 331893 | 0 |
| | 640000 | ലൈഫ് ഭവന പദ്ധതി ജനറൽ(128/25) | 640000 | 0 |
| | 110000 | ലൈഫ് ഭവന പദ്ധതി ജനറൽ(197/25) | 110000 | 0 |
| | 220000 | ലൈഫ് ഭവന പദ്ധതി എസ് സി(120/25) | 220000 | 0 |
| | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (108/25) | 200000 | 0 |
| | 310000 | റെയിൽവേ കോളനി മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(202/25) | 310000 | 0 |
| | 296672 | മക്കനാൽ കുടിവെള്ള പദ്ധതിക്ക് കെ എസ് ഇ ബി വിഹിതം നൽകൽ(186/25) | 296672 | 0 |
| | 300000 | പൂവത്തോലി മൂന്നൂീടിക റോഡ് അറ്റകുറ്റപ്പണി (232/25) | 300000 | 0 |
| | 274603 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (19/25) | 274603 | 0 |
| | 20000 | സമഗ്ര കന്നുകാലി ഇൻഷുറൻസ് (124/25) | 20000 | 0 |
| ആകെ | 2703168 | | 2703168 | 0 |

**4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

2024-25 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുന്നതിന് നൽകിയ തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ്, കോട്ടയം | പാലപ്പറമ്പ് കുഴൽക്കിണർ നിർമ്മാണം (162/25) | 56166 | 0 | 56166 |
| ഭൂജല വകുപ്പ്,കോട്ടയം | കദളിമറ്റം കുടിവെള്ളപദ്ധതിയ്ക്ക് കുഴൽക്കിണർ നിർമ്മാണം (113/25) | 56171 | 0 | 56171 |
| ഭൂജല വകുപ്പ് കോട്ടയം | കാവുങ്കൽ കുഴൽക്കിണർ നിർമ്മാണം(165/25) | 64039 | 0 | 64039 |
| ഭൂജല വകുപ്പ് കോട്ടയം | അരുവിക്കുഴി കുഴൽക്കിണർ നിർമ്മാണം(313/25) | 3120 | 0 | 3120 |
| ഭൂജല വകുപ്പ് കോട്ടയം | അരുവിക്കുഴി സ്റ്റേഡിയം കുഴൽക്കിണർ നിർമ്മാണം(259/25) | 107000 | 0 | 107000 |
| കെ എസ് ഇ ബി പള്ളിക്കത്തോട് സെക്ഷൻ | കന്നുകുഴി കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ(312/25) | 6642 | 0 | 6642 |
| കെ എസ് ഇ ബി, പള്ളിക്കത്തോട് സെക്ഷൻ | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(15/25) | 99851 | 0 | 99851 |
| കെ എസ് ഇ ബി പള്ളിക്കത്തോട് സെക്ഷൻ | മക്കനാൽ കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതി നൽകൽ(186/25) | 296672 | 0 | 296672 |

**4-5 മൊബിലൈസേഷൻ അഡ്വാൻസ്**

ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

**4-6 വായ്പ/വായ്പ തിരിച്ചടവ്**

വാർഷിക ധനകാര്യ പത്രികയിലെ വായ്പ കണക്ക് ശീർഷകങ്ങളിൽ അപാകത നിലനിൽക്കുന്നു. 2024-25 പഞ്ചായത്തിന്റെ വായ്പ മുന്നിരിപ്പ്, തിരിച്ചടവ് എന്നിവ താഴെ കൊടുക്കുന്നു. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വായ്പ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കണക്കിന്റെ കൃത്യതയിൽ വ്യക്തതയില്ല.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | 01.04.2024 ൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2024-25 വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | 31.03.2025 ൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആർഡിബിബി ലോൺ (ലോൺ അക്കൗണ്ട് നം. 474/A3/8/RDB) | KURDFC /A/221/12/27-01-17 | 3527988 | - | 400000 | - | 3127988 |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 6234686 | 5,768,447 | 1176520 | - | 10,488,468 |

ആർ ഡി ബി വായ്പയിനത്തിൽ വികസന ഫണ്ട് – ജനറൽ ഇനത്തിൽ നിന്നും പ്രോജക്ട് നം. 4/25 പ്രകാരം തിരിച്ചടച്ച 400000/- രൂപയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ബി 5 ഷെഡ്യൂളിൽ

പ്രതിഫലിച്ചിട്ടില്ല.
വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള KURDFC ലോൺ തുകയിൽ തിരിച്ചടയ്ക്കാനുള്ള തുക യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**4-7 സ്ഥിരനിക്ഷേപങ്ങൾ**

ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപമില്ല.

**4-8 ഓഡിറ്റ് റിക്കവറി**

2024-25 വർഷം ഓഡിറ്റ് റിക്കവറിയായി 54,686/- രൂപ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക/ വരവിനം | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1. | 2019-20 | 1-11 | 54686 | കെൻസി ജോൺസൺ,ക്ലർക്ക് | 1240000302/31-03-2025 |

**4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-3(ബി) | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല. കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 266223/- രൂപ സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-5 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-3 (1,2,3) | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

**4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ധനകാര്യ പത്രിക പ്രകാരം ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുകയൊന്നും അടവാക്കിയിട്ടില്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റിസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 46373453/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 42647286/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 112,580,608/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 117,126,194/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5249974/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 50000 | ശ്രീമതി.മായ എം നായർ, സെക്രട്ടറി |
| 1-31 | 221600 | ഡോ.സ്മിത എസ്, മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| 1-32(1) | 40000 | ശ്രീ.പ്രദീപ് പി ജി, വി ഇ ഒ |
| 1-32(2) | 20000 | ശ്രീ.പ്രദീപ് പി ജി, വി ഇ ഒ |
| 1-33 | 58495 | ശ്രീ.പ്രദീപ് പി ജി, വി ഇ ഒ |
| 1-35 | 220000 | ശ്രീമതി പ്രീനു അനിരുദ്ധൻ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-37 | 2726288 | ശ്രീമതി സൗമ്യ റോസലിന്റ് ജോളി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-42 | 1023930 | ശ്രീമതി.മായ എം നായർ, സെക്രട്ടറി |
| 1-43 | 200000 | ശ്രീമതി.മായ എം നായർ, സെക്രട്ടറി |
| 1-47 | 689661 | ശ്രീമതി.മായ എം നായർ, സെക്രട്ടറി |
| ആകെ | 5249974 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ഇനം | തുക |
|---|---|---|
| 1-36 | ജി എസ് ടി | 9504/- |
| 1-46 | ആദായനികുതി | 974/- |
| 1-46 | KCWWF | 974/- |
| ആകെ | | 11452/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ബാധകമല്ല

**4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4-377/2008/29.06.2009/08.10.2009 | - |
| 2003-04 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/102(1)/2022 | 5 |

| | | |
|---|---|---|
| | /03.08.2022 | |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി4/1682/2007/08.09.2009 | - |
| 2004-05 (വരവ്) | എൽ.എഫ്.കെ.പി4/1684/2007/21.02.2011 | 1 |
| 2006-07 | എൽ.എഫ്.കെ.പി1/960/ അദാ/B1/2011/22.08.2011 | - |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി13/ അദാ-2022/102(4)/2022 /03.08.2022 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി13/ അദാ-2022/102(5)/2022 /03.08.2022 | 2 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി13/ അദാ-2022/882(3)/2022/03.08.2022 | 2 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി13/ അദാ-2022/882(2)/2022/03.08.2022 | 4 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/ അദാ-2022/882(4)/2022/03.08.2022 | 4 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13/ അദാ-2022/882(5)/2022/03.08.2022 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി13/ അദാ-2022/882(6)/2022/03.08.2022 | 4 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി13/ അദാ-2022/882(7)/2022/03.08.2022 | 17 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി13/ അദാ-2022/882(8)/2022/03.08.2022 | 10 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി13-299/2022/03.01.2023 | 18 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി13-1359/2022/26.20.2022 | 21 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി13-461/2023/30.06.2023 | 32 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി13-1427/2024/19.10.2024 | 23 |
| 2023-24 | കെഎസ്എകെടിഎം.പി13-1678/2024/04/01/2025 | 48 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 28-06-2025 and submitted on 29-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pallickathodu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pallickathodu Grama Panchayat as on 31-03-2025

**Date: 12/01/2026** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Pallickathodu Grama Panchayat for the Year 2024-2025.**

**1.Major Observations**

1. General Fund Details not maintained. OBRP data of asset and liability as on 01-04-2011 is not available. Full source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted-Asset Database is not updated upto 31-03-2025.
4. The corresponding Capital Contribution entry has not made for total value of Asset Generated as per annual plan of 2024-25.
5. Part bills of infrastructure projects during the year are not accounted under Capital Work in Progress.
6. Own fund receipts are not properly adjusted agaist concerned head of account.

**2.Other Observations**

1. Accumulated depreciation in the case of Roads & Bridges, Vehicles category of assets exceeding the corresponding total asset value as on 31-03-2025.
2. Prior Period items details and authenticity are not disclosed through notes on account.
3. Govt. & Other Dues Register has not maintained.
4. Expenditures which became due upto 31-03-2025 has not accounted as payable during the financial year.
5. For Accrual incomes during 2024-25, timely demand entries are not made.
6. Fund received from District and Block Panchayat for joint venture project is not properly accounted.
7. Loan Register is not maintained, the figures shown as LIFE loan liability is not clearly asertained.
8. RDB Loan repayment as per project no. 4/25 is not accounted in B 5 Schedule of AFS.
9. Figures Shown as Civil Advance to implementing agencies in B18 Schedule are not timely journalised to capital.
10. The schedules B5 Secured Loans and B16 Prepaid Expenses in the Balance Sheet does not match.
11. MGNREGS Income & Expenditure as per AFS does not match with that of Cash Book.

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്